കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# മേപ്പയ്യൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട് 2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്

e-mail: dokkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/കെ.കെ.ഡിപി.9
/292/2019

കേരള സംസ്ഥാന
ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം
സിവിൽ സ്റ്റേഷൻ, കോഴിക്കോട്
ഇ-മെയിൽ-dokkd.ksad@kerala.gov.in
ഫോൺ:
തീയതി-27.03.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

മേപ്പയ്യൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : മേപ്പയ്യൂർ ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

********************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മേപ്പയ്യൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :-

1. കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്

3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/കെ.കെ.ഡി/പി9/292/2019 തീയതി-27.03.2019

## കോഴിക്കോട് ജില്ലയിലെ മേപ്പയ്യൂർ ഗ്രാമപഞ്ചായത്തിന്റെ

## 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

## ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

കോഴിക്കോട് ജില്ലയിലെ മേപ്പയ്യൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 31.03.2017 മുതൽ 04.02.2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര്, തസ്തിക | ശ്രീ.സതീഷ് മാവേലിപുത്തൻ വീട്,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ,<br>വിനിയോഗിച്ച സമയം | 21.02.2019 മുതൽ 05.03.2019 വരെ |
| ശ്രീ. പി.കെ.ഉണ്ണി | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| ശ്രീ. പ്രബോധ്കുമാർ.ഇ.എം | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. ഷിബിൻ.കെ.എസ് | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. റീന.പി.കെ | 01.04.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ശ്രീ. ജോണി വർഗ്ഗീസ് | 01.04.2017 മുതൽ 28.02.2018 വരെ |
| | ശ്രീ. അനിൽകുമാർ.കെ.പി<br>(സെക്രട്ടറി-ഇൻ-ചാർജ്) | 01.03.2018 മുതൽ 31.03.2018 വരെ |
| അസി. സെക്രട്ടറി | ശ്രീ. അനിൽകുമാർ.കെ.പി | 01.04.2017 മുതൽ 31.03.2018 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസി. എഞ്ചിനീയർ | ശ്രീമതി. ഉഷാകുമാരി.പി.പി | 01.04.2017 മുതൽ 31.03.2018 വരെ |

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി. സ്മിതാനന്ദിനി | 01.04.2017 മുതൽ 31.03.2018 വരെ |
| വെറ്ററിനറി സർജൻ | ഡോ. പ്രീത.ഇ.കെ | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. പ്രിയങ്ക.പി.ആർ | 01.04.2017 മുതൽ 30.07.2017 വരെ |
| | ഡോ. മഹേഷ്.കെ | 31.07.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. ബബിത.പി | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. സീമ.പി.എസ് | 01.04.2017 മുതൽ 31.03.2018 വരെ |
| ഐ സി ഡി എസ് സൂപ്പർ വൈസർ | ശ്രീമതി. പുഷ്പ.കെ.പി | 01.04.2017 മുതൽ 31.03.2018 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി. സിജിന | 01.04.2017 മുതൽ 25.11.2017 വരെ |
| | ശ്രീമതി. ജിഷ.ഒ.കെ | 26.11.2017 മുതൽ 31.03.2018 വരെ |
| വി. ഇ. ഒ | ശ്രീ. സുജേഷ്.എൻ | 01.04.2017 മുതൽ 31.03.2018 വരെ |
| | ശ്രീ. രജീഷ്.സി.കെ | 31.05.2017 മുതൽ 31.03.2018 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ. വേണു.സി | 01.04.2017 മുതൽ 31.03.2018 വരെ |

ഉള്ളടക്കം

ഈ റിപ്പോർട്ടിൽ നാല് ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാകുന്നു.



| ഭാഗം-1 പൊതു അവലോകനം | |
|---|---|
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക. |
| 1-3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം. |
| 1-7 | തൊഴിലുറപ്പ് പദ്ധതി |
| 1-8 | ക്ഷേമ പദ്ധതികൾ |
| 1-9 | ക്യാഷ് വെരിഫിക്കേഷൻ. |
| 1-10 | ആഭ്യന്തര നിയന്ത്രണം |
| 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-12 | വാർഷിക കണക്കുകളിലെ അപാകതകൾ |

| ഭാഗം-2 വരവ് കണക്കുകളിൻ മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
|---|---|
| 2-1 | ബിൽഡിങ് പെർമിറ്റ് അപാകതകൾ |
| 2-2 | ഒരേ ഉപയോഗക്രമത്തിലുള്ള കെട്ടിടത്തിന് വ്യത്യസ്ത നമ്പർ അനുവദിച്ച് കുറഞ്ഞ നിരക്കിൽ വസ്തു നികുതി ഈടാക്കുന്നു |
| 2-3 | തൊഴിൽ നികുതി-അപാകതകൾ |
| 2-4 | ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ - ചട്ടപ്രകാരം ലൈസൻസ് പുതുക്കുന്നില്ല |
| 2-5 | ലേലം രജിസ്റ്റർ,ഡയറികൾ സൂക്ഷിപ്പിലെ അപാകതകൾ |
| ഭാഗം- 3 ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 3-1 | പദ്ധതികൾ സുലഭം - കുടിവെള്ള ക്ഷാമം രൂക്ഷം |
| 3-2 | ശമ്പളപരിഷ്കരണ കുടിശ്ശികയ്ക്ക് അനുസൃതമായ പെൻഷൻകോൺട്രിബ്യൂഷൻ അടവാക്കിയില്ല. |
| 3-3 | സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തിയാക്കുന്നില്ല – സർക്കാർ ഗ്രാന്റിനത്തിൽ ലഭിച്ച 1.37 കോടി രൂപ വിനിയോഗിച്ചില്ല. |
| 3-4 | റോഡ് പ്രവൃത്തികൾക്ക് (MoRD) അധിക നിരക്കിൽ ഓവർഹെഡ് ചാർജ്ജ് നൽകുന്നു. |
| 3-5 | ആസ്തിരജിസ്റ്റർ കാലികമാക്കിയില്ല. |
| 3-6 | കുടിവെള്ള പദ്ധതികൾക്ക് 2.55 ലക്ഷം കേരള ജല അതോറിറ്റിയിൽ നിക്ഷേപിച്ചു - പ്രവൃത്തി പൂർത്തിയാക്കിയില്ല. |
| 3-7 | തെരുവ് ടാപ്പുകൾ, തെരുവ് വിളക്കുകൾ - സംയുക്ത പരിശോധന നടത്തിയില്ല. |
| 3-8 | ഒരേ പ്രവൃത്തിക്ക് രണ്ട് തരത്തിൽ തുക ചെലവഴിച്ചു. |
| 3-9 | അംഗൻവാടികളുടെ അടിസ്ഥാനസൗകര്യകുറവ് - പരിഹാര നടപടികൾ കാര്യക്ഷമമാക്കണം |
| 3-10 | വീട് റിപ്പയർ -പദ്ധതിനടത്തിപ്പിൽ അപാകതകൾ |
| 3-11 | തെരുവുവിളക്ക് വാങ്ങൽ - പദ്ധതി നടത്തിപ്പിൽ അപാകതകൾ |
| 3-12 | ഹരിതസേനഅംഗങ്ങൾക്ക് ഹോണറേറിയം--പദ്ധതിനടത്തിപ്പ് രേഖകൾ അപൂർണ്ണം. |
| ഭാഗം 4 പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4-1 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |

| | |
|---|---|
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 4-4 | വായ്പ/ വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. |
| 4-8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം |
| 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| അനുബന്ധം | ഓഡിറ്റ് സർട്ടിഫിക്കറ്റ്. |

## ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 24.03.2017 തിയതിയിലെ തീരുമാന നമ്പർ 59/17(A) പ്രകാരം അംഗീകരിച്ചു. 2017-18 വർഷത്തെ പുതുക്കിയ ബജറ്റ് 31.03.2018 തിയതിയിലെ തീരുമാന നമ്പർ 114/18 പ്രകാരം അംഗീകരിച്ചു.

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 15.05.2018 | - | - |

### 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 13.06.2018-14.06.2018 | കെ.എസ്.എ.കെ.കെ.ഡി/ഇ2/1111/2018(41) തീയതി – 09.07.2018 |

### 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 11059351 |
| വരവ് | 59065920 |
| ആകെ | 70125271 |
| ചെലവ് | 67302575 |
| നീക്കിയിരിപ്പ് | 2822696 |

### 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 15651000 | 15651000 | 12520104 | 3130896 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 4267392 | 4267392 | 2696127 | 1571265 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 6659000 | 6659000 | 5593234 | 1065766 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 3465000 | 3465000 | 3282062 | 182938 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 7239104 | 7239104 | 6039691 | 1199413 |
| കെ.എൽ.ജി.എസ്.ഡി.പി ഗ്രാന്റ്(സ്റ്റേറ്റ്) (ACR പ്രകാരം) | | 0 | 975553 | 975553 | 951496 | 24057 |
| കെ.എൽ.ജി.എസ്.ഡി.പി ഗ്രാന്റ്(സെന്ട്രൽ) (ACR പ്രകാരം) | | 0 | 2378600 | 2378600 | 2347754 | 30846 |
| എം.ജി.എൻ.ആർ. ഇ.ജി.എസ് | തൊഴിലാളി കളുടെ കൂലി | 0 | 32620846 | 32620846 | 32620846 | 0 |
| | അഡ്മിനി സ്ട്രേറ്റീവ് ചെലവ് | 114361 | 1049526 | 1163887 | 1158662 | 5225 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ) | | | | | | |
| ഐ സി ഡി എസ് | | 732331 | 1053170 | 1785501 | 600000 | 1185501 |
| സംസ്ഥാനാവിഷ്കൃത | | | | | | |

| ഫണ്ടുകൾ (ഇനം തിരിച്ച്) | | | | | | |
|---|---|---|---|---|---|---|
| ശുചിത്വ മിഷൻ | | 1296000 | 1073379 | 2369379 | 574692 | 1794687 |
| വിമുക്തി | | 17552 | 12500 | 30052 | 1050 | 29002 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 2939053 | 2939053 | 2933053 | 6000 |
| | ജില്ലാ പഞ്ചായത്ത് | 0 | 200000 | 200000 | 200000 | 0 |
| ബി ഫണ്ട് | | 0 | 246040 | 246040 | 246040 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 0 | 9728000 | 9728000 | 9118918 | 609082 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|
| 175 | 107 | 10 | 58 | 61 % |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 114361 | 1049526 | 1163887 | 1158662 | 5225 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 32620846 | 32620846 | 32620846 | 0 |
| ആകെ | 114361 | 33670372 | 33784733 | 33779508 | 5225 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച | ഗുണഭോക്താക്കളുടെ |
|---|---|---|

| | തുക | എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 146040 | 326 |
| കർഷകതൊഴിലാളി പെൻഷൻ | 10875500 | 927 |
| വിധവാപെൻഷൻ | 12943600 | 1104 |
| വാർദ്ധക്യകാലപെൻഷൻ | 13403900 | 1053 |
| വികലാംഗപെൻഷൻ | 4048500 | 337 |
| അവിവാഹിതകൾക്കുള്ള പെൻഷൻ | 437900 | 52 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.02.2019 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 96,901 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

മേപ്പയ്യൂർ ഗ്രാമപഞ്ചായത്തിന്റെ വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ മെച്ചപ്പെട്ട ആഭ്യന്തരനിയന്ത്രണ സംവിധാനം നിലനിർത്തുന്നതിൽ ഗ്രാമപഞ്ചായത്ത് ഏറെക്കുറെ വിജയിച്ചിട്ടുണ്ട്.

ധനമാനേജ്മെന്റിന്റെ അടിസ്ഥാനമായ ബജറ്റ് തയ്യാറാക്കുന്നതിൽ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പ് പ്രകാരമുള്ള നടപടിക്രമങ്ങൾ ഗ്രാമപഞ്ചായത്ത് പാലിച്ചിട്ടുണ്ട്. വിശദമായ ഓഫീസ് ഓർഡർ തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ മേൽ ചുമതലകൾ പാലിക്കപ്പെടുന്നുണ്ടോ എന്ന് പരിശോധന നടത്തിയിട്ടില്ല. നികുതി പിരിവ് പുരോഗതിക്കായി ചുമതലകൾ വിഭജിച്ച് നൽകുകയും കൃത്യമായി നിരീക്ഷിക്കുകയും ചെയ്യുന്നുണ്ട്. പ്രതിമാസ വരവുചെലവ് കണക്കുകൾ തൊട്ടടുത്ത മാസം ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്. ബാങ്ക് ബുക്ക് നീക്കിയിരിപ്പുകൾ പാസ്സ്ബുക്കുകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചുപോരുന്നതിനാൽ നീക്കിയിരിപ്പ് തുകയുടെ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ട്. ക്യാഷ് കൈകാര്യം ചെയ്യുന്ന വിഭാഗത്തിലേക്ക് മറ്റുള്ളവരുടെ പ്രവേശനം നിയന്ത്രിക്കുന്നതിനുള്ള സംവിധാനമുണ്ട്. പൗരാവകാശ രേഖ പുതുക്കിയിട്ടുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.05.2018 മുതൽ 21.05.2018 വരെ | 01.02.2018 മുതൽ 31.03.2018 വരെ | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15.01.2010 മുതൽ 03.02.2010 വരെ | 2004-05 മുതൽ 2008-09 വരെ | എൽ.ബി.എ (എച്ച്.ക്യൂ)III/8എ-1539/633 തീയതി-05.03.2010 |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

ഖണ്ഡിക 1-3 ൽ പരാമർശിച്ച സാക്ഷ്യപത്രത്തിലെ ചുവടെ ചേർത്തിരിക്കുന്ന അപാകതകൾ പരിഹരിക്കാൻ അവശേഷിക്കുന്നു.

1. ക്യൂ ലിസ്റ്റിൽ ഉൾപ്പെട്ട രണ്ട് ഡെപ്പോസിറ്റ് വർക്കുകളുടെ ചെലവ് (1080000/- രൂപ) വാർഷിക ധനകാര്യ പത്രികയിൽ തെറ്റായി ഉൾപ്പെടുത്തി.

2. 270000/- രൂപയുടെ വിവാഹ ധനസഹായ ചെലവ് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയില്ല.

3. 2016-17 അക്കൗണ്ട് പ്രകാരം വസ്തു നികുതി കുടിശ്ശിക 1354068/- രൂപയാണ്. എന്നാൽ ഡിമാന്റ് രജിസ്റ്റർ പ്രകാരം പിരിച്ചെടുക്കാൻ ബാക്കിയുള്ള തുകയായി രേഖപ്പെടുത്തിയിട്ടുള്ളത് 1122410/- രൂപ മാത്രമാണ്. പഞ്ചായത്ത് കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

4. ഡെപ്പോസിറ്റ് വർക്കുകൾക്ക് വേണ്ടി കേരള വാട്ടർ അതോറിറ്റിക്ക് കൈമാറിയ തുകയിൽ 506423/- രൂപ ചെലവഴിക്കാതെ ശേഷിക്കുന്നുണ്ട്. നിർവ്വഹണ ഏജൻസിക്ക് കൈമാറുന്ന തുകകൾ "Advance to implementing agencies" എന്ന ശീർഷകത്തിലാണ് രേഖപ്പെടുത്തേണ്ടത്. എന്നാൽ മേൽ തുക റവന്യൂ ചെലവായാണ് വാർഷിക കണക്കിൽ അക്കൗണ്ട് ചെയ്തിട്ടുള്ളത്.

5. സ്ഥാപനത്തിന്റെ ആസ്തി രജിസ്റ്ററും ബാലൻസ് ഷീറ്റിലെ ബി.11 ഷെഡ്യൂളിലെ ആസ്തി മൂല്യവും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

6. പഞ്ചായത്ത് നൽകിയ 3 മാസ കാലപരിധി പിന്നിട്ട ചെക്കുകളുടെ തുക 'കാലാവധി പിന്നിട്ട ചെക്കുകൾ' എന്ന ശീർഷകത്തിലേക്ക് മാറ്റി വാർഷിക കണക്കിൽ ആവശ്യമായ ക്രമീകരണം നടത്തിയിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ചെക്ക് നൽകിയ അക്കൗണ്ട് | വൗച്ചർ നമ്പർ & തീയതി | ചെക്ക് നമ്പർ & തീയതി | തുക |
|---|---|---|---|---|
| 1 | എസ്.ബി.ടി. മേപ്പയ്യൂർ | 21700771/23.12.2017 | 112385/23.12.2017 | 750/- |
| 2 | മേപ്പയ്യൂർ കോ-ഓപ്പറേറ്റീവ് ടൗൺ ബാങ്ക് | 21501126/18.03.2016 | 51407/18.03.2016 | 2450/- |
| 3 | മേപ്പയ്യൂർ കോ-ഓപ്പറേറ്റീവ് ടൗൺ ബാങ്ക് | 21500798/28.12.2015 | 51304/28.12.2015 | 2000/- |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ബിൽഡിങ് പെർമിറ്റ് അപാകതകൾ

2017-18 വർഷത്തിൽ ബിൽഡിംഗ് പെർമിറ്റ്, കംപ്ലീഷൻ, ക്രമവത്കരണം, പെർമിറ്റ് പുതുക്കൽ എന്നിവയുമായി ബന്ധപ്പെട്ട് സ്ഥാപനത്തിൽ ലഭിച്ചിട്ടുള്ള അപേക്ഷകൾ, ബിൽഡിംഗ് പെർമിറ്റ് അപേക്ഷാ രജിസ്റ്ററുകൾ, ക്രമവത്കരണ അപേക്ഷാ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. 2017-18 ൽ ആകെ ലഭിച്ച 694 അപേക്ഷകളിൽ 126 എണ്ണവും ക്രമ വത്കരണത്തിനുള്ളതാണ്.2011 ലെ കേരള പഞ്ചായത്ത് ബിൽഡിംഗ് റൂളിലെ , ചട്ടം 138 ൽ കെട്ടിടങ്ങളുടെ ക്രമവത്കരണം നടത്തുന്നതിന് സെക്രട്ടറിക്കുള്ള അധികാരങ്ങൾ വ്യക്തമാക്കുന്നതിനൊപ്പം അനധികൃത കെട്ടിട നിർമ്മാണങ്ങൾ യഥാസമയം കണ്ടെത്തി തടയുന്നതിൽ സെക്രട്ടറിക്ക് ചട്ട പ്രകാരമുള്ള ഉത്തരവാദിത്തം ഒഴിവാക്കപ്പെടുന്നില്ലെന്നത് പരാമർശിക്കുന്നുണ്ട്. എന്നാൽ മേൽ ഉത്തരവാദിത്തം നിർവ്വഹിക്കുന്നതിൽ സെക്രട്ടറി വീഴ്ച വരുത്തി എന്നാണ് ഈ ഇനത്തിൽ ലഭ്യമാവുന്ന അപേക്ഷകളുടെ എണ്ണം സൂചിപ്പിക്കുന്നത്. പെർമിറ്റില്ലാതെ കെട്ടിട നിർമ്മാണം പൂർത്തീകരിച്ച 126 കെട്ടിടങ്ങൾ നിർമ്മാണ ഘട്ടത്തിൽ തന്നെ ഫീൽഡ് പരിശോധയിലൂടെ തിരിച്ചറിഞ്ഞ് നടപടികൾ സ്വീകരിക്കുന്നതിന് സ്ഥാപനത്തിന് സാധിച്ചിട്ടില്ല.

2. കെട്ടിട പെർമിറ്റ് അനുവദിച്ച അപേക്ഷകളിൽ നിർമ്മാണം പൂർത്തീകരിക്കുമ്പോൾ പൂർത്തീകരണ വിവരം

പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. ഇത് കാരണം പെർമിറ്റ് കാലാവധിക്കുള്ളിൽ നിർമ്മാണം പൂർത്തീകരിക്കുകയോ കാലാവധിക്ക് ശേഷം പെർമിറ്റ് പുതുക്കുകയോ ചെയ്യാത്ത കെട്ടിടങ്ങളെ കണ്ടെത്താൻ സാധിക്കുന്നില്ല. അനധികൃത നിർമ്മാണങ്ങൾ വർദ്ധിക്കുന്നതിനും വരുമാന നഷ്ടം ഉണ്ടാകുന്നതിനും ഇത് കാരണമാകുന്നു.

അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-2 ഒരേ ഉപയോഗക്രമത്തിലുള്ള കെട്ടിടത്തിന് വ്യത്യസ്ത നമ്പർ അനുവദിച്ച് കുറഞ്ഞ നിരക്കിൽ വസ്തു നികുതി ഈടാക്കുന്നു

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ നിലവിൽ വന്നതിനാൽ തറവിസ്തീർണം അടിസ്ഥാനമാക്കിയാണ് വസ്തുനികുതി കണക്കാക്കുന്നത്. ഇതിലെ ചട്ടം 2 (എഫ്) പ്രകാരം തറവിസ്തീർണം എന്നാൽ ഓരോ നിലയുടെയും മേൽക്കൂരയുള്ള ഭാഗത്തിന്റെ ചുമർ ഉൾപ്പെടെയുള്ള തറനിരപ്പിന്റെ ആകെ വിസ്തീർണം ആകുന്നു.

ഇതേ ചട്ടങ്ങളിലെ ചട്ടം 2(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ഒരേ സമയം ചട്ടം 4 (1) ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ അതത് കെട്ടിടഭാഗങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി കെട്ടിട നമ്പർ നൽകേണ്ടതും ഓരോ കെട്ടിടത്തിനും ഈ ചട്ടങ്ങൾ പ്രകാരം വസ്തു നികുതി ചുമത്തേണ്ടതുമാണ് എന്നാണ് നിഷ്കർഷിക്കുന്നത്.

ഗ്രാമപഞ്ചായത്തിൽ 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 30 രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 60 രൂപ നിരക്കിലുമാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്.

എന്നാൽ ചട്ടം 4 (1) ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്കല്ലാതെ പൂർണ്ണമായും വാണിജ്യാവശ്യത്തിനുപയോഗിക്കുന്ന കെട്ടിടങ്ങളിലെ വിവിധ റൂമുകൾക്ക് വ്യത്യസ്ത നമ്പർ നൽകി വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കിയാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1)

| കെട്ടിടം നം | പേര് വിലാസം | രജിസ്റ്റർ പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണ്ണം, തരം | ഗ്രാമപഞ്ചായത്ത് 30 രൂപ നിരക്കിൽ നിർണ്ണയിച്ച വസ്തുനികുതി + ഗ്രന്ഥശാലാവരി (വർദ്ധനവ് - 20% വഴി സൗകര്യം) |
|---|---|---|---|
| 7/503J | സുബൈദ, ഹാരിസ് ചെറുവാളിയിൽ, മേപ്പയ്യൂർ | 17.74 $m^2$, വാണിജ്യം | 671 |
| 7/503L | | 17.74 $m^2$, വാണിജ്യം | 671 |
| 7/503M | | 17.74 $m^2$, വാണിജ്യം | 671 |
| 7/503N | | 32.82 $m^2$, വാണിജ്യം | 1242 |
| 7/503O | | 32.82 $m^2$, വാണിജ്യം | 1242 |
| 7/503P | | 32.82 $m^2$, വാണിജ്യം | 1242 |
| 7/503Q | | 32.82 $m^2$, വാണിജ്യം | 1242 |

| | | | |
|---|---|---|---|
| 7/503R | | 30.81 $m^2$, വാണിജ്യം | 1166 |
| 7/503S | | 18.84 $m^2$, വാണിജ്യം | 713 |
| 7/503T | | 18.84 $m^2$, വാണിജ്യം | 713 |
| 7/503U | | 18.84 $m^2$, വാണിജ്യം | 713 |
| | ആകെ | 271.83 $m^2$ | 10286 |

കെട്ടിടത്തിന് നിർണ്ണയിക്കേണ്ട നികുതി നിരക്ക് 60/- രൂപ

ആകെ തറവിസ്തീർണ്ണം- 271.83 ച.മീ

271.83 x 60 = 16309.8+3261.96 (20% വഴിസൗകര്യം വർദ്ധനവ്) =19572+5%=20551

ആകെ തറവിസ്തീർണ്ണത്തന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട നികുതി (ഗ്രന്ഥശാലാവരി അടക്കം) - 20551

ഈടാക്കിയ നികുതി (ഗ്രന്ഥശാലാവരി അടക്കം) - 10286

നിർണ്ണയിച്ച നികുതികൾ തമ്മിലുള്ള വ്യത്യാസം(ഗ്രന്ഥശാലാവരി അടക്കം) - 10265

2)

| കെട്ടിടം നം | പേര് വിലാസം | രജിസ്റ്റർ പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണ്ണം, തരം | ഗ്രാമപഞ്ചായത്ത് 30 രൂപ നിരക്കിൽ നിർണ്ണയിച്ച വസ്തുനികുതി (ഇളവ് - 5% ബഹുനിലവാണിജ്യാവശ്യം, വർദ്ധനവ് -20% വഴി സൗകര്യം) |
|---|---|---|---|
| 12/215H | അബ്ദുൾ സലാം, മാത്തിൽ, നരക്കോട് | 28.95 $m^2$ വാണിജ്യം(ഒന്നാം നില) | 1041 |
| 12/215J | | 31.25 $m^2$ വാണിജ്യം(ഒന്നാം നില) | 1123 |
| 1/364K | | 81.52 $m^2$ വാണിജ്യം(ഒന്നാം നില) | 2929 |
| | ആകെ | 141.72 $m^2$ | 5093 |

കെട്ടിടത്തിന് നിർണ്ണയിക്കേണ്ട നികുതി നിരക്ക് 60/- രൂപ

ആകെ തറവിസ്തീർണ്ണം- 141.72 ച.മീ

141.72 x 60 = 8503.2 -(5% ബഹുനിലവാണിജ്യാവശ്യം) +(20% വഴിസൗകര്യം വർദ്ധനവ്) =9779+489(5%)=10268

ബഹുനിലവാണിജ്യാവശ്യത്തിനുള്ള 5% ഇളവ് അടിസ്ഥാന നികുതിയിൽ നിന്നാണ് കുറയ്ക്കേണ്ടത്. 20% വഴിസൗകര്യ വർദ്ധനവും 5% ലൈബ്രറി സെസ്സും ഉൾപ്പെടുത്തിയ ആകെ നികുതിയിൽ നിന്ന് ബഹുനിലവാണിജ്യാവശ്യ ഇളവ് ചെയ്താണ് സഞ്ചയ സോഫ്റ്റ് വെയറിൽ നികുതി നിർണ്ണയിച്ചിരിക്കുന്നത്.

ആകെ തറവിസ്തീർണ്ണത്തന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട നികുതി (ഗ്രന്ഥശാലാവരി അടക്കം) - 10268 രൂപ

ഈടാക്കിയ നികുതി (ഗ്രന്ഥശാലാവരി അടക്കം) - 5093

നിർണ്ണയിച്ച നികുതികൾ തമ്മിലുള്ള വ്യത്യാസം(ഗ്രന്ഥശാലാവരി അടക്കം) - 5175

വ്യത്യസ്ത ഉപയോഗക്രമങ്ങൾക്കല്ലാതെ ഉപയോഗിക്കുന്ന റൂമുകളെല്ലാം ചേർത്ത് ഒറ്റ കെട്ടിടമായി പരിഗണിച്ച് നികുതി ഈടാക്കാതെ മേൽ വിവരിച്ച പ്രകാരം നികുതി നിർണ്ണയിച്ചതിലൂടെ നികുതി ഇനത്തിൽ കുറവ് സംഭവിച്ചിട്ടുണ്ട്. ബഹുനിലവാണിജ്യാവശ്യ ഇളവ് സഞ്ചയ സോഫ്റ്റ് വെയറിൽ തെറ്റായാണ് നിർണ്ണയിച്ചത് . അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14/17-18 തീയതി – 02.03.19) മറുപടി ലഭ്യമായിട്ടില്ല. പഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗമെന്ന നിലയിൽ കെട്ടിട നികുതി കണക്കാക്കുന്നതിൽ അപാകതകൾ ഒഴിവാക്കാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൃത്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണ്. വാണിജ്യാവശ്യത്തിനു പയോഗിക്കുന്ന മേൽ പരാമർശിച്ച കെട്ടിടങ്ങളുടെ നികുതി സഞ്ചയ സോഫ്റ്റ് വെയറിൽ പുനർനിർണ്ണയിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 2-3 തൊഴിൽ നികുതി-അപാകതകൾ

i) രജിസ്റ്ററുകളുടെയും രേഖകളുടെയും സൂക്ഷിപ്പിലെ അപാകതകൾ

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 205ഐ പ്രകാരം, ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ചുകൊണ്ട് വാർഡ് തിരിച്ചുള്ള ഡിമാൻഡ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. 2017-18ൽ കച്ചവടക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ രജിസ്റ്ററിൽ അപൂർണ്ണമാണ്.കച്ചവടക്കാരന്റെ പേരും ഈടാക്കിയ തുകയും മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ജോലി, വിലാസം,അർദ്ധവാർഷികവരുമാനം,സ്ലാബ് എന്നിവ തൊഴിൽ നികുതി ഡിമാന്റ് റജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ചില സ്ഥാപനങ്ങൾ സമർപ്പിച്ച അർദ്ധവാർഷിക വരുമാനപത്രികകളിൽ ജീവനക്കാരുടെ ശമ്പളത്തിന്റെ പൂർണ്ണ വിവരങ്ങളില്ല. 2017-18സാമ്പത്തിക വർഷത്തെ ട്രേഡേഴ്സ് ലിസ്റ്റ് പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ കച്ചവടക്കാരുടെ തൊഴിൽ നികുതി ഇനത്തിലെ ഡിമാന്റ്,കളക്ഷൻ എന്നിവയുടെ കൃത്യത ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല.

ii)തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമല്ല

മേപ്പയ്യൂർ ഗ്രാമപഞ്ചായത്തിൽ 2017-18 സാമ്പത്തിക വർഷത്തിൽ ലഭിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചപ്പോൾ താഴെ പറയുന്ന സ്ഥാപനങ്ങളിൽ ഒന്നിലധികം ജീവനക്കാർ ജോലിചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടു.

| ക്രമ നം | വാർഡ്/ കെട്ടിട നം | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | 10/211 A | രമാസ് എക്സ്പോർട്ട്സ് | 4 |
| 2 | 8/399 | ഫാമിലി ഫാഷൻസ് | 2 |
| 3 | 13/508 A | ഇന്റഗ്രൽ കോക്കനട്ട് പ്രോഡക്ട് | 7 |

| | | | |
|---|---|---|---|
| 4 | 8/1216 | പോപ്പുലർ ഗ്ലാസ് മാർട്ട് | 2 |
| 5 | 8/1513ABC, 1514, 1515 | ഡെൽറ്റ ട്രേഡേഴ്സ് | 3 |
| 6 | 8/1409 | ഹോട്ടൽ അശ്വതി | 4 |
| 7 | 6/469 | ധനലക്ഷ്മി ഫ്ലോർമിൽ | 7 |
| 8 | 8/359,360 | സിൽവാന കളക്ഷൻ | 3 |
| 9 | 17/100 B | പ്രൊഫൈൽ സൂപ്പർ സാന്റ് | 9 |
| 10 | 8/621 | ഹോണസ്റ്റി ഹോട്ടൽ | 7 |
| 11 | 10/184 A | ശ്രീ ശബരി ഫുഡ് പ്രോഡക്ട്സ് | 2 |
| 12 | 8/591 | സവിത ജ്വല്ലറി | 4 |
| 13 | 13/440 A | കൈരളി എക്കോ പ്രോഡക്ട്സ് | 5 |
| 14 | 8/180 | ദിയ ഗോൾഡ് പാലസ് | 4 |
| 15 | 8/1387 | ടി.കെ. ട്രേഡേഴ്സ് | 2 |
| 16 | 8/323 | യമ്മി ബേക്ക് & കൂൾബാർ | 2 |
| 17 | 10/66 A | മിയ മിയ ബേക്കറി | 8 |
| 18 | 8/192,193 | മേപ്പയൂർ ട്രേഡേഴ്സ് | 2 |

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം.4 എന്നിവ പ്രകാരം ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകുന്നതാണ്. മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി റിട്ടേൺ സ്ഥാപന ഉടമകൾ പഞ്ചായത്തിൽ സമർപ്പിച്ചിട്ടില്ല. ഇവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയതായി ഡിമാന്റ് റജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.മേൽപ്പറഞ്ഞ സ്ഥാപനങ്ങളിലെ മുഴുവൻ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ജീവനക്കാരന്റെ പേര്,അർദ്ധവാർഷിക വരുമാനം,ഈടാക്കിയ നികുതി,രസീത് നം,തീയതി സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11/17-18 തീയതി-01.03.19) മറുപടി ലഭ്യമായിട്ടില്ല. മേൽ സ്ഥാനപങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 2-4 ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ - ചട്ടപ്രകാരം ലൈസൻസ് പുതുക്കുന്നില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങളിലെ, ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് മുപ്പത് ദിവസം മുമ്പായി സമർപ്പിക്കേണ്ടതാണ്. കൂടാതെ, ചട്ടം 8 പ്രകാരം ഏതൊരു ലൈസൻസിന്റേയും കാലാവധി ആ സാമ്പത്തിക വർഷം അവസാനിക്കുന്നതും, അല്ലാത്ത പക്ഷം ലൈസൻസിന്റെ കാലാവധി പ്രസിഡന്റ് ഒരു മുൻ തിയ്യതിയിൽ അതിന്റെ കാലാവധി അവസാനിക്കണമെന്ന് പ്രത്യേക

കാരണങ്ങളാൽ കരുതുകയാണെങ്കിൽ അതിൽ പ്രത്യേകം പറയാവുന്ന മുൻ തിയ്യതിയിൽ അവസാനിക്കുന്നതുമാകുന്നു.

2017-18 വർഷത്തിൽ ഗ്രാമ പഞ്ചായത്തിലെ ലൈസൻസ് പുതുക്കുന്നതിനായുള്ള അപേക്ഷകളും രജിസ്റ്ററും പരിശോധിച്ചതിൽ, 466 സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കുന്നതിനും, പുതിയ ലൈസൻസിനുമായി അപേക്ഷിച്ചിട്ടുണ്ട്. മേൽ ചട്ടം പ്രകാരം ഗ്രാമപഞ്ചായത്തിൽ നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ എല്ലാം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ 2017 ഫെബ്രുവരി മാസത്തിൽ തന്നെ നൽകേണ്ടതായിരുന്നു. ഇവയിൽ 115 എണ്ണം മാത്രമാണ് പുതുക്കുന്നതിനുള്ള അപേക്ഷ ഫെബ്രുവരിയിൽ നൽകിയത്. ബാക്കി സ്ഥാപനങ്ങൾ ഏപ്രിൽ മുതൽ മാർച്ച് വരെയുള്ള മാസങ്ങളിലായാണ് ലൈസൻസ് പുതുക്കിയിട്ടുള്ളത്. സാമ്പത്തിക വർഷം അവസാനിച്ച് പിന്നീട് ലൈസൻസ് പുതുക്കുന്നത് വരെ ഇത്തരം സ്ഥാപനങ്ങൾ നിയമവിരുദ്ധമായാണ് പ്രവർത്തിക്കുന്നത്.

മറ്റ് അപാകതകൾ

1. ചട്ട പ്രകാരമല്ലാതെ ലൈസൻസ് ഫീ പിരിക്കുന്നു

ലൈസൻസിനായുള്ള അപേക്ഷകൾ പരിശോധിച്ചതിൽ ചട്ടം 7 പ്രകാരമുള്ള ലൈസൻസ് ഫീ ചുമത്തിയതിൽ അപാകത കാണുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ:

| വാർഡ്/കെട്ടിട നം | സ്ഥാപനം | ശരാശരി വിറ്റുവരവ് | ഈടാക്കിയ ലൈസൻസ് ഫീ |
|---|---|---|---|
| 8/584 | എൻ.കെ. സ്റ്റോർസ് | 500/- | 50/- |
| 8/1438 | തനിമ ഫൂട്ട് വെയർ | 500/- | 100/- |
| 8/1283 | നിലമ്പൂർ ഫർണിച്ചർ | 500/- | 200/- |
| 8/1617 | വെറൈറ്റി സ്റ്റോർസ് | 1000/- | 50/- |
| 8/1566 | ഗായത്രി മെഡിക്കൽസ് | 1000/- | 100/- |
| 8/225 | കല്യാൺ കളക്ഷൻസ് | 1000/- | 200/- |
| 8/913 M1 L1 | മെറ്റൽ ഹൗസ് | 1000/- | 300/- |
| 12/258 | പി.കെ. സ്റ്റോർസ് | 1500/- | 100/- |
| 8/1536 | മലബാർ സ്റ്റോർസ് | 1500/- | 200/- |
| 8/578 | എം കെ സ്റ്റോർ | 2,000/- | 100/- |

| | | | |
|---|---|---|---|
| 8/1421 | കുന്തിമ ബേക്കറി | 2,000/- | 200/- |
| 8/674 | ഏ.ആർ.ഫർണിച്ചർ | 5000/- | 300/- |
| 14/138 B | സിറാമിക് ആർട്ട് | 5000/- | 1000/- |

മേൽ വിവരങ്ങളിൽ നിന്നും ഒരേ വിറ്റുവരവുള്ള സ്ഥാപനങ്ങൾക്ക് പല തരത്തിൽ ലൈസൻസ് ഫീ ഈടാക്കുന്നു എന്ന് കാണുന്നു.
ഒരേ വിറ്റുവരവുള്ള സ്ഥാപനങ്ങൾക്ക് പല തരത്തിൽ ലൈസൻസ് ഫീ വാങ്ങാതെ, ചട്ടപ്രകാരമുള്ള ലൈസൻസ് ഫീ ഈടാക്കേണ്ടതാണ്.

2. ഡി&ഒ ലൈസൻസ് അപേക്ഷകളിൽ മുഴുവൻ വിവരങ്ങളും അപേക്ഷകൻ രേഖപ്പെടുത്തുന്നില്ല.ചില ലൈസൻസ് അപേക്ഷകളിൽ സ്ഥാപനത്തിൽ എത്ര ജീവനക്കാർ ജോലി ചെയ്യുന്നു എന്നത് പോലും രേഖപ്പെടുത്തിയിട്ടില്ല. ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ച പല ഡി & ഒ അപേക്ഷകളിലും വിറ്റുവരവ് കോളം പൂരിപ്പിച്ചിട്ടില്ല. അപേക്ഷകളിൽ ആവശ്യമായ ഫീൽഡ് അന്വേഷണം നടത്തിയതിന് ശേഷമാണ് ലൈസൻസ് അനുവദിക്കുന്നതെന്നും ബന്ധപ്പെട്ട രേഖകളുടെ കൃത്യതയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.12/17-18 തീയതി-01.03.19) മറുപടി ലഭ്യമായിട്ടില്ല. അപാകതകൾ തുടർ വർഷങ്ങളിൽ ആവർത്തിക്കുന്നില്ലെന്ന് ഗ്രാമപഞ്ചായത്ത് ഉറപ്പു വരുത്തേണ്ടതാണ്.

## 2-5 ലേലം രജിസ്റ്റർ,ഡയറികൾ സൂക്ഷിപ്പിലെ അപാകതകൾ

2017-18 സാമ്പത്തിക വർഷത്തിലേക്ക് ഗ്രാമപഞ്ചായത്ത് വക ബസ് സ്റ്റാന്റിൽ നിന്ന് ബസ് ഒന്നിന്(കെ.എസ്.ആർ.ടി.സി ഒഴികെ)പ്രതിദിനം 10 രൂപ പിരിക്കുന്നതിനുള്ള അവകാശം, കംഫർട്ട് സ്റ്റേഷനിൽ നിന്ന് യൂസേർസ് ഫീ പിരിക്കുന്നതിനുള്ള അവകാശം, മേപ്പയ്യൂർ പഞ്ചായത്ത് വാടകയ്ക്ക് എടുത്ത MP8/1450(VI 821H) കെട്ടിടത്തിൽ വെച്ച് മത്സ്യ വിൽപ്പന നടത്തുന്നവരിൽ നിന്ന് ഫീസ് പിരിക്കുന്നതിനുള്ള അവകാശം, പഞ്ചായത്ത് സ്ഥലങ്ങളിലെ തെങ്ങുകളിലെ മേലനുഭവങ്ങൾ എടുക്കുന്നതിനുള്ള അവകാശം എന്നിവ ലേലം ചെയ്യലുമായ് ബന്ധപ്പെട്ട ഫയലുകൾ,രേഖകൾ,രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചു. ലേലം രജിസ്റ്ററിലും ഡയറികളിലും ലേലം വിളി നടത്തിയ ഉദ്യോഗസ്ഥന്റെ പേര്,തസ്തിക, ലേലം വിളി കേട്ട സാക്ഷി, ലേലം അംഗീകരിച്ച പഞ്ചായത്ത് തീരുമാന നമ്പർ,തീയതി എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പദ്ധതികൾ സുലഭം - കുടിവെള്ള ക്ഷാമം രൂക്ഷം

2337.4324 ഹെക്ടർ മാത്രം ഭൂവിസ്തൃതിയുള്ള പ്രദേശമാണ് മേപ്പയ്യൂർ ഗ്രാമപഞ്ചായത്ത്. മൊത്തം ഭൂവിസ്തൃതിയിൽ 26% ത്തോളം കുന്നിൻ പ്രദേശമാണ്. 2011 ലെ സെൻസസ് അനുസരിച്ച് പഞ്ചായത്തിലെ ജനസംഖ്യ 27,929

ആണ്. 9ാം പദ്ധതിക്ക് തുടക്കം കുറിക്കുമ്പോൾ പഞ്ചായത്തിൽ 9 കുടിവെള്ള പദ്ധതികളാണുണ്ടായിരുന്നത്. നിലവിൽ കേരള ജല അതോറിറ്റിയുടെ നിയന്ത്രണത്തിലുള്ള 4 ഉം ഗ്രാമപഞ്ചായത്ത്, ഗുണഭോക്താക്കൾക്ക് കൈമാറിയ 24കുടിവെള്ള പദ്ധതികളുമാണുള്ളത്. ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ വിശദാംശങ്ങൾ പ്രകാരം ഇതിൽ 6 പദ്ധതികൾ നിലവിൽ പ്രവർത്തിക്കാത്തതോ ഭാഗികമായി പ്രവർത്തിക്കുന്നതോ ആണ്. സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം 2017 വർഷത്തിൽ ആകെയുള്ള 7308 കുടുംബങ്ങളിൽ 4484 കുടുംബങ്ങൾക്കും സ്വന്തമായി കിണറുണ്ട്. ഇതിൽ വറ്റുന്ന കിണറുകൾ 1027 എണ്ണമാണുള്ളതെന്നും സൂചിപ്പിക്കുന്നു. അതായത് വർഷം മുഴുവൻ സ്വന്തം കിണറിൽ നിന്ന് വെള്ളം ലഭിക്കുന്ന 47.30% കുടുംബങ്ങളാണ് ഗ്രാമപഞ്ചായത്തിലുള്ളത് (4484 – 1027)x 100/ 7308. ഇത്രയും കുടിവെള്ള പദ്ധതികളും ഉറവ വറ്റാത്ത നിരവധി കിണറുകളുണ്ടായിട്ടും തൻവർഷം ഗ്രാമപഞ്ചായത്തിലെ 17 വാർഡുകളിലുമായി കുടിവെള്ള വിതരണം നടത്തിയ വകയിൽ 5,22,291/- രൂപ ചെലവഴിച്ചിട്ടുമുണ്ട്. ഇത് രൂക്ഷമായ കുടിവെള്ള ക്ഷാമത്തെയാണ് സൂചിപ്പിക്കുന്നത്. സ്വകാര്യ വ്യക്തി വിതരണം ചെയ്യുന്ന വെള്ളത്തിന്റെ ഗുണനിലവാരത്തെക്കുറിച്ച് ഒരു പരിശോധനയും നടത്തിയില്ല. എവിടെ നിന്നാണ് വെള്ളമെടുക്കുന്നതെന്നോ ജലസ്രോതസ്സിന്റെ അവസ്ഥയെന്തെന്നോ വ്യക്തമല്ല.

ഗ്രാമപഞ്ചായത്തിലെ എല്ലാവർക്കും കുടിവെള്ളം എത്തിക്കുന്നതിന് മഴവെള്ള സംഭരണം, കിണർ റീ ചാർജ്ജിംഗ്, കുളങ്ങൾ നവീകരിക്കൽ, വയൽ നികത്തുന്നത് കർശനമായി നിരോധിക്കൽ തുടങ്ങിയ ആസൂത്രിത നീക്കങ്ങൾ നടത്തണമെന്ന് കുടിവെള്ള – ശുചിത്വ വർക്കിംഗ് ഗ്രൂപ്പിന്റെ ആദ്യയോഗത്തിലും 29.04.2017 ൽ നടന്ന യോഗത്തിലും നിർദ്ദേശിച്ചിരുന്നു. കിണർ ഇല്ലാത്ത വീടുകൾക്ക് മഴവെള്ള സംഭരണിക്ക് സബ്സിഡി അനുവദിക്കുക, നിലവിൽ പ്രവൃത്തി ആരംഭിച്ച കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കുന്നതിന് പ്രഥമ പരിഗണന നൽകുക, നിലവിലുള്ള പദ്ധതികൾ മെച്ചപ്പെടുത്തുക തുടങ്ങിയ നിരവധി നിർദ്ദേശങ്ങൾ വർക്കിംഗ് ഗ്രൂപ്പിന്റെ വിവിധ യോഗങ്ങളിൽ അവതരിപ്പിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ മരുതേരിപറമ്പ് ഭാഗത്ത് സ്ഥിതിചെയ്യുന്ന, കേരള ജല അതോറിറ്റിയുടെ കൈവശമുള്ള 4 ലക്ഷം ലിറ്ററിന്റെ ടാങ്കും അതിനടുത്തായി മറ്റൊരു ടാങ്ക് നിർമ്മിക്കാനുള്ള സ്ഥലവും ഉപയോഗപ്പെടുത്തി KWA പുതിയ പദ്ധതി ആരംഭിക്കുമെന്ന പേരാമ്പ്ര വികസന മിഷൻ - 2025 ന്റെ തീരുമാനം ഇതേവരെ പ്രാവർത്തികമാക്കിയിട്ടില്ലെന്ന് 27.01.2018 ൽ നടന്ന വർക്കിംഗ് ഗ്രൂപ്പ് യോഗം വിലയിരുത്തുന്നു. പ്രസ്തുത പദ്ധതി സംസ്ഥാന ഗവൺമെന്റിനെക്കൊണ്ട് നടപ്പിലാക്കുന്നതിലേക്ക് ഭരണപരമായ ഇടപെടൽ നടത്താനും യോഗത്തിൽ ആവശ്യമുന്നയിച്ചു. എന്നാൽ കുടിവെള്ള ക്ഷാമം പരിഹരിക്കുന്ന തരത്തിലുള്ള, വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശിച്ച പദ്ധതികളൊന്നും തന്നെ തൻവർഷം ആവിഷ്കരിച്ചില്ല. മരുതേരിപറമ്പ് ഭാഗത്ത് നിർമ്മിക്കാനുദ്ദേശിക്കുന്ന പദ്ധതിയുടെ തുടർനടപടികളുടെ വിവരവും ലഭ്യമല്ല.

ഗ്രാമപഞ്ചായത്തിലെ 2ാം വാർഡിലെ അയ്യങ്ങാട്ട് - മുള്ളങ്കണ്ടി പ്രദേശങ്ങളിലെ 50 ലധികം കുടുംബങ്ങൾ രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവിക്കുകയാണ്. കിണറിനും ടാങ്കിനും സ്ഥലം ലഭിച്ചിട്ടുണ്ടെങ്കിലും പദ്ധതി നടപ്പിലാക്കുന്നതിന് പഞ്ചായത്തിന് സ്വന്തം നിലയിൽ കഴിയില്ലെന്നും ആവശ്യമായ ഭീമമായ തുക സംസ്ഥാന ഗവൺമെന്റ് അനുവദിച്ച് തരണമെന്നുള്ള പ്രമേയം 06.02.2018ഭരണസമിതി യോഗത്തിൽ അംഗീകരിച്ചു. തുടർ നടപടികളുടെ വിവരം ലഭ്യമല്ല. പ്രസ്തുത പദ്ധതിയുടെ കിണർ നിർമ്മാണത്തിനായി 2017- 18 വർഷം 4.28 ലക്ഷം രൂപ വകയിരുത്തിയെങ്കിലും നിർമ്മാണ പ്രവർത്തനം നടത്തിയില്ല. 2018-19 വർഷത്തിലും ഈ പദ്ധതിക്ക് തുക വകയിരുത്തിയിട്ടുണ്ട്.

കുടിവെള്ള പദ്ധതികളുടെ നിർമ്മാണത്തിനും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും 2017-18 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 12 പ്രോജക്ടുകളും സെക്രട്ടറി നിർവ്വഹണോദ്യഗസ്ഥനായി 3 കുടിവെള്ള പ്രോജക്ടുകളും ആവിഷ്കരിച്ചിട്ടുണ്ട്. ഇതിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യഗസ്ഥനായ 7 പദ്ധതികൾക്കും സെക്രട്ടറി നിർവ്വഹണോ ദ്യഗസ്ഥനായ 3 പദ്ധതികൾക്കും തൻവർഷം തുകയൊന്നും ചെലവഴിച്ചില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ

| ക്രമ നം. | പ്രോജക്ട് നം | പേര് | അടങ്കൽ | ഫണ്ടിനം | ചെലവ് | റിമാർക്സ് (പഞ്ചായത്ത് ലഭ്യമാക്കിയ വിവര പ്രകാരം) |
|---|---|---|---|---|---|---|
| 1. | 143/18 | മൂട്ടപ്പറമ്പ് കുടിവെള്ള പദ്ധതി | 4,56,250 | തനത് ഫണ്ട് | ഇല്ല | മോട്ടോറിന് കേട് സംഭവിച്ചു, പ്രോജക്ട് ഉപേക്ഷിച്ചു. |

| | | | | | | |
|---|---|---|---|---|---|---|
| 2. | 144/18 | അയ്യങ്ങാട്ട് - മുള്ളങ്കണ്ടി | 4,28,092 | തനത് ഫണ്ട് | ഇല്ല | , |
| 3. | 145/18 | ഉന്തം പറമ്പ് കുടിവെള്ള പദ്ധതി | 1,50,000 | സി.എഫ്.സി | 1,50,000 | |
| 4. | 146/18 | പുന്നച്ചാൽ - പാറച്ചാൽ | 1,45,000 | എസ്.സി.പി | ഇല്ല | ആവശ്യത്തിന് വെള്ളമില്ല. കുടിവെള്ളത്തിന് ഉപയോഗിക്കാൻ കഴിയില്ല. |
| 5. | 149/18 | കോട്ടക്കുന്ന് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 1,10,000 | സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 1,05,000 | |
| 6. | 150/18 | പുല്ലാങ്കോട്ട് കുടിവെള്ള പദ്ധതി - കിണറിന് ഗ്രിൽസ് | 2,75,000 | സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 2,72,653 | |
| 7. | 153/18 | അരിമ്പാലൻ പറമ്പ് - അറ്റകുറ്റപണി | 1,00,000 | എസ്.സി.പി | ഇല്ല | പൈപ്പ് ലൈൻ പൊട്ടിയിട്ടുണ്ട്. വൈദ്യുതി കണക്ഷൻ വിഛേദിച്ചു. |
| 8. | 154/18 | നടുക്കണ്ടി കുടിവെള്ള പദ്ധതി - നവീകരണം | 1,00,000 | തനത് ഫണ്ട് | ഇല്ല | നവീകരണ പദ്ധതി ഉപേക്ഷിച്ചു. |
| 9 | 156/18 | നെയ്യല – ഒളോറ നവീകരണം | 2,20,000 | സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 10,820 | |
| 10. | 157/18 | ടൗൺ പഞ്ചായത്ത് കിണർ - നവീകരണം | 1,00,000 | സംരക്ഷണ ഗ്രാന്റ് (റോഡിതരം) | ഇല്ല | നവീകരണ പ്രോജക്ട് ഉപേക്ഷിച്ചു. |
| 11. | 174/18 | മൂന്നൂറാം കണ്ടി | 50,000 | എസ്.സി.പി | ഇല്ല | പ്രോജക്ട് ഉപേക്ഷിച്ചു. |
| 12. | 120/18 | മലോറത്ത് കുടിവെള്ള പദ്ധതി | 1,50,000 | സി.എഫ്.സി | 1,48,484 | |
| നിർവ്വഹണം : സെക്രട്ടറി | | | | | | |
| 1. | 169/18 | ചേണിയാം കണ്ടി - മോട്ടോർ ഘടിപ്പിക്കൽ | 2,01,275 | വികസന ഫണ്ട് | ഇല്ല | |
| 2. | 170/18 | പാലോറക്കുന്ന് - മോട്ടോർ ഘടിപ്പിക്കൽ | 1,66,810 | വികസന ഫണ്ട് | ഇല്ല | |
| 3. | 171/18 | കമ്പിളിക്കുന്ന്- മോട്ടോർ സ്ഥാപിക്കൽ | 1,65,555 | വികസന ഫണ്ട് | ഇല്ല | |

മേൽ സാഹചര്യത്തിൽ, രൂക്ഷമായ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കാവുന്നതാണ്.

1. കിണർ റീ ചാർജ്ജിംഗ് (അനുയോജ്യമായ പ്രദേശങ്ങളിൽ), മഴവെള്ള സംഭരണി എന്നിവയ്ക്ക് സബ്സിഡി നൽകുക

2. കുളങ്ങൾ, ജലാശയങ്ങൾ തുടങ്ങിയ ജലസ്രോതസ്സുകളുടെ സംരക്ഷണത്തിനും ശുചീകരണത്തിനും നടപടിയെടുക്കുക

3. വയൽ നികത്തുന്നത് കർശനമായി നിരോധിക്കുക.

4. നിലവിലുള്ള കുടിവെള്ള പദ്ധതികൾ അറ്റകുറ്റപണി നടത്തി, പൈപ്പ് ലൈൻ ദീർഘിപ്പിച്ച് പ്രവർത്തനക്ഷമമാക്കുക.

5. തണ്ണീർത്തടങ്ങൾ സംരക്ഷിക്കുക.

6. അംഗീകാരം ലഭിച്ച കുടിവെള്ള പ്രോജക്ടുകൾ നടപ്പിലാക്കുക.

വേനൽക്കാലത്തെ രൂക്ഷമായ കുടിവെള്ള ക്ഷാമത്തെ പ്രതിരോധിക്കാനും ജലസുരക്ഷ ഉറപ്പ് വരുത്തുന്നതിനും ജലവിതരണം പോലുള്ള താൽക്കാലിക നടപടികൾ പ്രശ്ന പരിഹാരത്തിന് ഉതകുന്നതല്ല. ആയതിനാൽ, മേൽ നിർദ്ദേശങ്ങൾ ഉൾക്കൊണ്ട്, വേനൽക്കാലത്തും ജലലഭ്യത ഉറപ്പ് വരുത്തുന്ന വിധത്തിൽ പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.

കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടിക്രമങ്ങളുടെ വിശദമായ ഒരു റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 3-2 ശമ്പളപരിഷ്കരണ കുടിശ്ശികയ്ക്ക് അനുസൃതമായ പെൻഷൻകോൺട്രിബ്യൂഷൻ അടവാക്കിയില്ല.

സ.ഉ.(പി)നം. 7/2016/ഫിൻ തീയതി. 20.01.2016 പ്രകാരം ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിനും, 07/2014 മുതൽ 01/2016 വരെയുള്ള ശമ്പള കുടിശ്ശിക 4 ഗഡുക്കളായി അനുവദിക്കുന്നതിനും ഉത്തരവായിട്ടുണ്ട്. ഇത് പ്രകാരം ഗ്രാമപഞ്ചായത്തിലെ ജിവനക്കാരുടെ ശമ്പളം പരിഷ്കരിക്കുകയും 2017-18 സാമ്പത്തിക വർഷത്തിൽ ശമ്പള കുടിശ്ശികയുടെ 2 ഗഡുക്കൾ പ്രൊവിഡന്റ് ഫണ്ടിൽ താഴെ പറയും പ്രകാരം ലയിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

| ക്രമ നം. | ലയിപ്പിച്ച തുക | വൗച്ചർ നമ്പർ | തീയതി | ഗഡു |
|---|---|---|---|---|
| 1. | 2,17,670/- | 21700541 | 09.10.2017 | 1 |
| 2. | 1,60,729<br>32,077 | 21700608<br>21700609 | 30.10.2017 | 2 |

മേൽ ഉത്തരവിലെ ഖണ്ഡിക 48 (1)പ്രകാരം ജീവനക്കാരുടെ വർദ്ധിപ്പിച്ച അടിസ്ഥാന ശമ്പളത്തിന് ആനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ 1, 2 ഗഡുക്കൾ അടവാക്കിയ ജീവനക്കാരുടെ ശമ്പളപരിഷ്കരണ കുടിശ്ശികയിൽ നിന്നും പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയിട്ടില്ല. സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾക്കനുസൃതമായി 01.04.2013 ന് മുമ്പ് സർവ്വീസിൽ പ്രവേശിച്ചതും, മേൽകാലയളവിൽ ശമ്പള പരിഷകരണ കുടിശ്ശികയുടെ 1,2 ഗഡുക്കൾ പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിക്ക പ്പെട്ടതുമായ എല്ലാ ജീവനക്കാരുടെയും ശമ്പള വർദ്ധനവിന് ആനുപാതികമായുള്ള പെൻഷൻകോൺട്രിബ്യൂഷൻ അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-3 സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തിയാക്കുന്നില്ല – സർക്കാർ ഗ്രാന്റിനത്തിൽ ലഭിച്ച 1.37 കോടി രൂപ വിനിയോഗിച്ചില്ല.

2017- 18 വർഷം ഡി.പി.സി അംഗീകാരം വാങ്ങിയ, അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായുള്ള, 104 മരാമത്ത് പ്രോജക്ടുകളിൽ 59 എണ്ണം പുതിയ പ്രോജക്ടുകളും 45 എണ്ണം സ്പിൽ ഓവർ പ്രോജക്ടുകളുമാണ്. 59 പുതിയ പ്രോജക്ടുകളിൽ 39 എണ്ണത്തിന് തൻവർഷം തുകയൊന്നും ചെലവഴിച്ചില്ല. 45 സ്പിൽ ഓവർ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. ആകെയുള്ള മരാമത്ത് പ്രവൃത്തികൾക്കായി വകയിരുത്തിയ അടങ്കൽ തുക, ചെലവഴിച്ച തുക എന്നിവയുടെ വിശദാംശം താഴെ കൊടുക്കുന്നു.

| ഫണ്ടിനം | അടങ്കൽ | ചെലവഴിച്ച തുക | ചെലവഴിക്കാത്ത തുക | ചെലവഴിച്ചതിന്റെ ശതമാനം |
|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 23,91,937 | 10,50,000 | 13,41,937 | 43.90% |
| വികസന ഫണ്ട്- എസ്.സി.പി | 8,65,000 | 4,45,607 | 4,19,393 | 51.52% |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1,04,69,498 | 51,73,031 | 52,96,467 | 49.41% |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 45,000 | 0 | 45,000 | 0 |
| തനത് ഫണ്ട് | 29,93,496 | 11,30,274 | 18,63,222 | 37.76% |

| | | | | |
|---|---|---|---|---|
| ലോകബാങ്ക് ധനസഹായം | 33,53,753 | 32,99,250 | 54,503 | 98.37% |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 6,00,000 | 6,00,000 | 0 | 100% |
| ജില്ലാ പഞ്ചായത്ത് വിഹിതം | 10,00,000 | 0 | 10,00,000 | 0 |
| സംരക്ഷണ ഗ്രാന്റ്(റോഡ്) | 1,09,60,845 | 55,93,234 | 53,67,611 | 51.03% |
| സംരക്ഷണഗ്രാന്റ്- റോഡിതരം | 28,00,463 | 14,93,207 | 13,07,256 | 53.32% |
| ആകെ | 3,54,79,992 | 1,87,84,603 | 1,66,95,389 | 52.94% |

മേൽ പട്ടിക പ്രകാരം, താഴെ പറയുന്ന ചെലവഴിക്കാത്ത ഗ്രാന്റ് തുക സാമ്പത്തിക വർഷാവസാനം സർക്കാർ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചെടുക്കുന്നതിനാൽ ഫലത്തിൽ താഴെ പറയുന്ന രൂപത്തിൽ 1.37 കോടി രൂപ പഞ്ചായത്തിന് നഷ്ടപ്പെട്ടിരിക്കയാണ്.

| | |
|---|---|
| വികസന ഫണ്ട്-ജനറൽ | 13,41,937 |
| വികസന ഫണ്ട്- എസ്.സി.പി | 4,19,393 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 52,96,467 |
| സംരക്ഷണ ഗ്രാന്റ്(റോഡ്) | 53,67,611 |
| സംരക്ഷണഗ്രാന്റ്- റോഡിതരം | 13,07,256 |
| ആകെ | 1,37,32,164 |

തൻവർഷം വർക്കിംഗ് ഗ്രൂപ്പിന്റെ 5 യോഗങ്ങൾ നടന്നെങ്കിലും ഒരു യോഗത്തിൽ പോലും മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കേണ്ടതിനെപ്പറ്റിയുള്ള ചർച്ചകളോ തീരുമാനങ്ങളോ ഉണ്ടായില്ല. കൂടാതെ പ്രവൃത്തികളുടെ മോണിട്ടറിംഗ് നടത്തിയതിന്റെ വിവരവുമില്ല. 2017-18 വാർഷിക പദ്ധതി ചെലവ് പുരോഗതി മെച്ചപ്പെടുത്തുന്നതിന് വർക്കിംഗ് ഗ്രൂപ്പ് ചെയർമാൻമാർക്കും ഓരോ വാർഡ് മെമ്പർമാർക്കും ചുമതല നൽകാൻ നൽകാൻ വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 12.02.2018, 22.03.2018 എന്നീ തിയതികളിൽ നടന്ന യോഗത്തിൽ തീരുമാനിച്ചെങ്കിലും അത്തരം നടപടികളൊന്നും തന്നെ വർക്കിംഗ് ഗ്രൂപ്പിന്റെ ഭാഗത്ത് നിന്ന് ഉണ്ടായില്ല. നിർദ്ദേശങ്ങൾ നടപ്പിലാക്കിയോ എന്ന് സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് ഉറപ്പ് വരുത്തിയതുമില്ല. വാർഷിക പദ്ധതികൾ യഥാസമയം പൂർത്തീകരിക്കാനും ത്വരിതപ്പെടുത്താനും ഭരണസമിതിയുടെ വിവിധ യോഗങ്ങളിൽ തീരുമാനമെടുത്തെങ്കിലും സമയബന്ധിതമായി പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് കഴിഞ്ഞില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 01/26.02.2019) മറുപടി ലഭ്യമാക്കിയില്ല.

നിർവ്വഹണത്തിലെ വീഴ്ച മൂലം സ്ഥാപനത്തിനുണ്ടായ ധനനഷ്ടത്തിന് മറുപടി സമർപ്പിക്കേണ്ടതും പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് സ്വീകരിച്ച ക്രമീകരണങ്ങൾ സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 3-4 റോഡ് പ്രവൃത്തികൾക്ക് (MoRD) അധിക നിരക്കിൽ ഓവർഹെഡ് ചാർജ്ജ് നൽകുന്നു.

തൻവർഷം ഗ്രാമപഞ്ചായത്തിലെ മിക്ക റോഡ് പ്രവൃത്തികളും MoRD സ്പെസിഫിക്കേഷൻ പ്രകാരമാണ് നിർവ്വഹണം നടത്തിയത്. PRICE LSGD എന്ന സോഫ്റ്റ് വെയറിൽ ഡാറ്റാ എൻട്രി നടത്തിയാണ് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത്. ഇപ്രകാരമുള്ള പ്രവൃത്തികളുടെ ഡാറ്റാ പരിശോധിച്ചതിൽ എല്ലാ ഇനങ്ങൾക്കും നിരക്കുകൾ കണക്കാക്കിയിരിക്കുന്നത് 10% ഓവർഹെഡ് ചാർജ്ജും അതിന്മേൽ കരാറുകാരന്റെ 10% ലാഭവും ഉൾപ്പെടുത്തിയാണ്. MoRD സ്പെസിഫിക്കേഷൻ അനുസരിച്ച് തയ്യാറാക്കിയ സ്റ്റാൻഡേർഡ് ഡാറ്റാബുക്ക് പ്രകാരമുള്ള ഡാറ്റയെ അടിസ്ഥാനമാക്കിയാണ് PRICE LSGD ൽ MoRD പ്രകാരമുള്ള ഇനങ്ങളുടെ നിരക്ക്

കണക്കാക്കിയിരിക്കുന്നത്. സ്റ്റാൻഡേർഡ് ഡാറ്റാബുക്ക് തയ്യാറാക്കുന്നതിനുള്ള അടിസ്ഥാന സമീപനങ്ങളും പൊതുമാനദണ്ഡങ്ങളും വിവരിക്കുന്ന ആമുഖത്തിലെ ഖണ്ഡിക നം. 4 ൽ ഓവർഹെഡ് ചാർജ്ജ് ഉൾപ്പെട്ടത്തിന്റെ സാഹചര്യം വ്യക്തമാക്കുന്നുണ്ട്. റോഡ് പ്രവൃത്തികൾക്ക് 10% ഓവർഹെഡ് ചാർജ്ജ് കണക്കാക്കിയത് 17 ഇനങ്ങളിലായി കരാറുകാരന് വരാനിടയുള്ള ചെലവുകൾ പരിഗണിച്ചുകൊണ്ടാണെന്ന് മേൽപറഞ്ഞ ഖണ്ഡികയിൽ സൂചിപ്പിക്കുന്നു. ഇവയിൽ പ്രധാനപ്പെട്ടതും ഗ്രാമപഞ്ചായത്തിന്റെ റോഡ് പ്രവൃത്തികൾ പരിഗണിക്കുമ്പോൾ പ്രസക്തമല്ലാത്തതുമായ ഘടകങ്ങൾ താഴെ കൊടുക്കുന്നു.

1. പ്ലാന്റുകൾ, ആക്സസ് റോഡുകൾ, ജലവിതരണം, വൈദ്യുതി, സൈറ്റിലെ താമസം എന്നിവയ്ക്കുള്ള ചെലവ്.

2. സൈറ്റ് ഓഫീസ് സ്ഥാപിക്കുന്നതിനുള്ള ചെലവ്.

3. ലേബർ നിയമ പ്രകാരമുള്ള ചെറിയ തോതിലുള്ള ക്യാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള ചെലവ്.

4. മേൽനോട്ടത്തിനുള്ള ചെറിയ വാഹനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള ചെലവ്.

5. MoRD സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഗുണനിലവാര പരിശോധന നടത്തുന്നതിനും ഇതിന് ലാബ് ഒരുക്കുന്നതിനുമുള്ള ചെലവ്.

6. വാച്ച് & വാർഡ് ഏർപ്പെടുത്തുന്നതിനുള്ള ചെലവ്.

7. നിർമ്മാണ സമയത്ത് പരിസ്ഥിതി സംരക്ഷിക്കുന്നതിനുള്ള ചെലവ്.

അവശേഷിക്കുന്ന ഇനങ്ങളുടെ കാര്യത്തിൽ മിക്കതിലും ഭാഗിക ചെലവോ ചെലവ് തന്നെ ഇല്ലെന്ന് കാണാം. 17 ാം ഇനമായി സൂചിപ്പിച്ച സെയിൽ / ടേൺ ഓവർ ടാക്സ് ഇനത്തിൽ വരുന്ന ചെലവാണ് കുറഞ്ഞ അടങ്കലിലുള്ള പ്രവൃത്തികൾ ചെയ്യുമ്പോൾ കരാറുകാരന് ഉണ്ടാകുന്ന യഥാർത്ഥ ചെലവ്.

ഗ്രാമപഞ്ചായത്തുകളുടെ പ്രത്യേക സാഹചര്യത്തിൽ റോഡുകൾ വളരെ ചെറുതായതു കൊണ്ടും ഇതുതന്നെ ഭാഗികമായി ചെയ്യുന്നതിനാൽ കുറഞ്ഞ പ്രോജക്ട് ചെലവ് മാത്രം വരുമെന്നതിനാലും മേൽപറഞ്ഞ ചെലവുകൾ കരാറുകാരന് വഹിക്കേണ്ടി വരുന്നില്ല. എന്നാൽ വലിയ പ്രവൃത്തികൾക്കെന്ന പോലെ ഓവർഹെഡ് ചാർജ്ജ് പൂർണ്ണമായും (10%) നൽകുന്നത് അനർഹമാണ്. കൂടാതെ ഇത് പഞ്ചായത്തിന് വൻ സാമ്പത്തിക നഷ്ടവും ഉണ്ടാക്കുന്നു. PRICE LSGD എന്ന സോഫ്റ്റ് വെയറിൽ തന്നെ തയ്യാറാക്കുന്ന MoRTH സ്പെസിഫിക്കേഷനിൽ റോഡ് നിർമ്മാണത്തിന് 5% ഓവർഹെഡ് ചാർജ്ജാണ് നല്കിവരുന്നത് എന്ന കാര്യം ശ്രദ്ധേയമാണ്.

മേൽ സാഹചര്യത്തിൽ കരാറുകാർക്ക് ഓവർഹെഡ് ചാർജ്ജിനത്തിൽ അധിക തുക നൽകിയതിന് വിശദമായ മറുപടി നൽകേണ്ടതാണ്.

## 3-5 ആസ്തിരജിസ്റ്റർ കാലികമാക്കിയില്ല.

06.08.2012 ലെ സ.ഉ (കൈ) നം. 212/2012/തസ്വഭവ ഉത്തരവ് പ്രകാരം സെക്രട്ടറിയുടെ മേൽനോട്ടത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ചുമതലയുള്ള അസിസ്റ്റന്റ് എഞ്ചിനീയർ/ ഓവർസിയർ ആണ് ആസ്തിരജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തേണ്ടത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിന് ആവശ്യമുള്ളപക്ഷം യോഗ്യരായവരെ ദിവസ വേതന അടിസ്ഥാനത്തിൽ താൽക്കാലികമായി നിയമിക്കാവുന്നതാണെന്ന് ജി.ഒ (ആർ.ടി) 59/2012/ തസ്വഭവ/ 06.01.2012 ൽ സൂചിപ്പിക്കുന്നു. എഞ്ചിനീയർമാരും ഓവർസിയർമാരും, ആവശ്യമെങ്കിൽ മറ്റെല്ലാ പ്രവർത്തനങ്ങളും മാറ്റിവെച്ച് മറ്റ് ഉദ്യോഗസ്ഥരുടെയും മെമ്പർമാരുടെയും സഹായത്തോടുകൂടി 31.03.2013 വരെ ഗ്രാമപഞ്ചായത്ത് ആർജ്ജിച്ച മുഴുവൻ ആസ്തികളുടെയും വിവരങ്ങൾ സചിത്ര സോഫ്റ്റ് വെയർ ആപ്ലിക്കേഷനിൽ രേഖപ്പെടുത്തി പൂർണ്ണമാക്കേണ്ടതാണെന്ന് 18.07.2013 ലെ സ.ഉ (കൈ)നം.255/2013/തസ്വഭവ ലും നിർദ്ദേശിക്കുന്നുണ്ട്. ലഭ്യമാക്കിയ ആസ്തി രജിസ്റ്ററിൽ 2011 വർഷം വരെയുള്ള വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മിക്ക ആസ്തികളും ആർജ്ജിച്ച വർഷം രജിസ്റ്ററിൽ എഴുതിച്ചേർത്തില്ല.

വർക്കിംഗ് ഗ്രൂപ്പ്, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, ഭരണസമിതി എന്നിവയുടെ ഒരു യോഗത്തിലും ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനുള്ള നിർദ്ദേശങ്ങളോ തീരുമാനങ്ങളോ ഉണ്ടായില്ല. ആസ്തി രജിസ്റ്ററിൽ ഗ്രാമപഞ്ചായത്ത് ആർജ്ജിച്ച ആസ്തികൾ ഉൾപ്പെടാത്ത പക്ഷം അതിർത്തിത്തർക്ക വ്യവഹാരത്തിന്മേൽ നിയമപരമായ പ്രയാസങ്ങൾ പഞ്ചായത്തിന് നേരിടേണ്ടതായി വരുമെന്നതിനാൽ മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 8 /01.03.2019) മറുപടി ലഭ്യമാക്കിയില്ല.

നിർമ്മാണം പൂർത്തിയാകുന്ന ആസ്തികൾ രജിസ്റ്ററിൽ ഉൾപ്പെടുത്താതിരുന്നതിനുള്ള വിശദീകരണവും, ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മുഴുവൻ ആസ്തികളും രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിന് സ്വീകരിച്ച

നടപടിക്രമങ്ങളുടെ വിശദാംശങ്ങളും ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

## 3-6 കുടിവെള്ള പദ്ധതികൾക്ക് 2.55 ലക്ഷം കേരള ജല അതോറിറ്റിയിൽ നിക്ഷേപിച്ചു - പ്രവൃത്തി പൂർത്തിയാക്കിയില്ല.

| | കോട്ടക്കുന്ന് കുടിവെള്ള പദ്ധതി | ഉന്തം പറമ്പ് കുടിവെള്ള പദ്ധതി |
|---|---|---|
| പ്രോജക്ട് നം, പേര് | 149/18, കോട്ടക്കുന്ന് പൈപ്പ് ലൈൻ ദീർഘീകരണം | 145/18, ഉന്തം പറമ്പ് കുടിവെള്ള പദ്ധതി - ജലസംഭരണിക്ക് മൂടി |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ |
| നിക്ഷേപിച്ച തുക | 1,05,000/- | 1,50,000/- |
| ബിൽ നം | 45/24.02.2018 | 43/16.02.2018 |
| കരാർ നം | 14/20.02.2018 | 24/20.02.2018 |

പ്രവൃത്തിയുടെ എസ്റ്റിമേറ്റ് കേരള ജല അതോറിറ്റി വകുപ്പ് നല്കിയതിനെ തുടർന്ന് മേൽ പ്രവൃത്തികൾ നടത്തുന്നതിനായി ഗ്രാമപഞ്ചായത്ത് മുകളിൽ ചേർത്ത പ്രകാരം തുക വാട്ടർ അതോറിറ്റിയുടെ അക്കൗണ്ടിൽ നിക്ഷേപിക്കുകയും ജല അതോറിറ്റിയുമായി കരാറിൽ ഏർപ്പെടുകയും ചെയ്തു. തുക കൈപ്പറ്റിയതിന്റെ രസീതി ഫയലിൽ ലഭ്യമല്ല. പ്രവൃത്തി പൂർത്തീകരിക്കുന്ന കാലാവധി കൃത്യമായി കരാറിൽ എഴുതിച്ചേർത്തില്ല. 2018 വർഷം പൂർത്തിയാക്കും എന്ന് മാത്രമാണ് രേഖപ്പെടുത്തിയത്. എന്നാൽ പ്രവൃത്തി പൂർത്തിയാക്കിയതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. പതിമൂന്നാം പദ്ധതി മാർഗ്ഗരേഖയിലെ [ജി.ഒ(എം.എസ്) നം.72/2017 തീയതി : 29.03.2017] ഖണ്ഡിക നം.8.3(17) പ്രകാരം ഒരു നിർമ്മാണ പ്രവൃത്തിക്ക് കേരള ജല അതോറിറ്റിക്ക് തുക മുൻകൂർ നൽകണമെങ്കിൽ ആ പ്രവൃത്തിക്കുള്ള എസ്റ്റിമേറ്റ് അതോറിറ്റി തന്നെ തയ്യാറാക്കി സാങ്കേതിക അനുമതി നൽകിയ ശേഷം തദ്ദേശ സ്ഥാപനത്തിന് നൽകേണ്ടതാണ്. എന്നാൽ റഫ് കോസ്റ്റ് എസ്റ്റിമേറ്റുകൾ നൽകിയതല്ലാതെ മേൽ പ്രവൃത്തികൾക്കൊന്നും സാങ്കേതിക അനുമതി വാട്ടർ അതോറിറ്റി നൽകിക്കാണുന്നില്ല.

മേൽ അപാകങ്ങൾക്ക് മറുപടി നൽകേണ്ടതും പ്രവൃത്തി പൂർത്തിയാക്കിയതിന്റെ വിവരം, വാട്ടർ അതോറിറ്റിയുടെ മൂല്യനിർണ്ണയ/വിനിയോഗ സാക്ഷ്യപത്രം എന്നിവ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 3-7 തെരുവ് ടാപ്പുകൾ, തെരുവ് വിളക്കുകൾ - സംയുക്ത പരിശോധന നടത്തിയില്ല.

തൻവർഷം വെള്ളക്കരമിനത്തിൽ ഗ്രാമപഞ്ചായത്ത് 5,14,500/- (42,875X12) രൂപ കേരള ജല അതോറിറ്റിയിൽ അടവാക്കിയിട്ടുണ്ട്. വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരം 98 തെരുവ് ടാപ്പുകളാണുള്ളത്. ഒരു ടാപ്പിന് വാർഷിക വെള്ളക്കരം 5,250 രൂപ പ്രകാരം പ്രതിമാസം 242,875 രൂപയാണ് അടവാക്കുന്നത്. ജി.ഒ (ആർ.ടി)/2242/11/തസ്വഭവ തീയതി 28.09.2011 പ്രകാരം സംയുക്ത പരിശോധന നടത്താത്ത സ്ഥാപനങ്ങൾ ആയതിന് വാട്ടർ അതോറിറ്റിക്ക് രേഖാമൂലം കത്ത് നൽകേണ്ടതും അതോറിറ്റി ഒരാഴ്ചക്കകം പരിശോധന നടത്തുകയും ചെയ്യേണ്ടതാണ്. എന്നാൽ 2017-18 വർഷം സംയുക്ത പരിശോധന നടത്തുന്നതിന് ഗ്രാമപഞ്ചായത്ത് വാട്ടർ അതോറിറ്റിക്ക് കത്ത് നൽകിയില്ല. കൂടാതെ അവസാനമായി ഏത് വർഷം വരെയാണ് സംയുക്ത പരിശോധന നടത്തിയത് എന്നത് സംബന്ധിച്ച യാതൊരു വിവരവും ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല. സമീപ വർഷങ്ങളിലൊന്നും പരിശോധന നടത്താത്ത സാഹചര്യത്തിൽ ഉപയോഗയോഗ്യമായ ടാപ്പുകളുടെ എണ്ണം കുറയാൻ സാദ്ധ്യതയുണ്ട്. ഉപയോഗിക്കുന്ന വെള്ളത്തിന് മാത്രമാണ് പണം നൽകുന്നുള്ളൂ എന്ന് ഉറപ്പ് വരുത്താൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്.

തൻവർഷം തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ 3,93,000/- (32,750X12) രൂപ അടവാക്കിയിട്ടുണ്ട്. വൈദ്യുതി ബോർഡിന്റെ ഡിമാന്റ് നോട്ടീസ് പ്രകാരം 32,750 രൂപയാണ് പ്രതിമാസം അടവാക്കി വരുന്നത്. എന്നാൽ പ്രവർത്തന ക്ഷമമായ വിളക്കുകളുടെ എണ്ണം വ്യക്തമല്ല. തെരുവ് വിളക്കുകളുടെ വിവരം സംബന്ധിച്ച രജിസ്റ്റർ പഞ്ചായത്ത് സൂക്ഷിച്ചില്ല. അവസാനമായി ഏത് വർഷം വരെയാണ് സംയുക്ത പരിശോധന

നടത്തിയത് എന്നതും വ്യക്തമല്ല. ഉപയോഗിക്കുന്ന വൈദ്യുതിക്ക് മാത്രമാണ് പണം നൽകുന്നുള്ളൂ എന്ന് ഉറപ്പ് വരുത്താൻ കഴിയുന്നില്ല. തെരുവ് വിളക്കിന് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിനുള്ള സർക്കാർ നിർദ്ദേശവും പാലിച്ചില്ല (സർക്കുലർ നം. 9541/ഡി.പി-1/തസ്വഭവ തീയതി : 21.01.2006). തെരുവ് വിളക്കുകൾ സംബന്ധിച്ച സംയുക്ത പരിശോധന നടത്തുന്നതിന് കെ.എസ്.ഇ.ബി, അസിസ്റ്റന്റ് എഞ്ചിനീയർക്ക് 29.08.2018 ന് കത്തയച്ചെങ്കിലും തുടർ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 03/27.02.2019) മറുപടി ലഭ്യമാക്കിയില്ല.

മേൽ സാഹചര്യത്തിൽ, അവസാനമായി ഏത് വർഷം വരെയാണ് സംയുക്ത പരിശോധന നടത്തിയത് എന്ന വിവരം അറിയിക്കുന്നതോടൊപ്പം സംയുക്ത പരിശോധന നടത്തി ഉപയോഗയോഗ്യമായ ടാപ്പുകൾ/വിളക്കുകൾക്ക് മാത്രം വാടക/ചാർജ്ജ് നൽകുന്നുള്ളൂ എന്ന് ഉറപ്പു വരുത്തുന്നതിനും അതുവഴി പാഴ് ചെലവ് ഒഴിവാക്കുന്നതിനും ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-8 ഒരേ പ്രവൃത്തിക്ക് രണ്ട് തരത്തിൽ തുക ചെലവഴിച്ചു.

ശുചിത്വ യജ്ഞത്തിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിലെ വാർഡുകളിൽ നിന്ന് മാലിന്യം ശേഖരിച്ച് ടൗൺ മാലിന്യ സംസ്കരണ കേന്ദ്രത്തിലെത്തിക്കുന്ന മാലിന്യങ്ങൾ, അവിടെ നിന്ന് ജൈവ അജൈവ മാലിന്യങ്ങളായി വേർതിരിക്കുന്നു. ഈ പ്രവൃത്തി നടത്തുന്നതിനായി 2017-18 വർഷം ശ്രീ. ആണ്ടി എന്നവർക്ക് പ്രതിമാസം ശരാശരി 6,000/- രൂപ തനതു ഫണ്ടിൽ നിന്നും അനുവദിക്കുന്നുണ്ട്. എന്നാൽ 24.06.2017 മുതൽ 30.06.2017 തീയതികളിൽ ഇതേ പ്രവൃത്തി നടത്തുന്നതിനായി രജീഷ്, ബാബു, ശ്രീധരൻ, രാഘവൻ, സത്യൻ എന്നീ 5 പേരുടെ ദിവസക്കൂലി ഇനത്തിൽ പ്രതിദിനം 630/- രൂപ നിരക്കിൽ 40 മനുഷ്യ ദിനങ്ങളിലായി 25,200/- രൂപ അനുവദിക്കുകയും ചെയ്തു (വൗച്ചർ നം. 21700280 തീയതി : 10.07.2017). അതായത് ഒരേ പ്രവൃത്തി നടത്തുന്നതിന് രണ്ടു തരത്തിൽ ചെലവ് നടത്തി. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 5/01.03.2019) ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ മറുപടിയിൽ മഴക്കാലപൂർവ്വ ശുചീകരണത്തിന്റെ ഭാഗമായി മേപ്പയ്യൂർ ടൗണിലുള്ള മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനാണ് തുക ചെലവഴിച്ചതെന്നും ശ്രീ. ആണ്ടി എന്നവർക്ക് മാലിന്യങ്ങൾ വേർതിരിക്കാൻ കഴിയാത്ത വിധം കൂടുതലായിരുന്നെന്നും സൂചിപ്പിക്കുന്നു. എന്നാൽ മഴക്കാലപൂർവ്വ ശുചീകരണത്തിന് വാർഡ് അടിസ്ഥാനത്തിൽ തൻവർഷം ശരാശരി 9,000/- രൂപ വീതം ചെലവഴിച്ചിട്ടുമുണ്ട്. ആയതിനാൽ ഇക്കാര്യത്തിൽ വ്യക്തമായ മറുപടി സമർപ്പിക്കേണ്ടതാണ്.

## 3-9 അംഗൻവാടികളുടെ അടിസ്ഥാനസൗകര്യകുറവ് - പരിഹാര നടപടികൾ കാര്യക്ഷമമാക്കണം

കേരള പഞ്ചായത്ത് രാജ് നിയമം 166 ാം വകുപ്പ് 3 ാം പട്ടിക പ്രകാരം സാമൂഹ്യ ക്ഷേമ മേഖലയിലെ അങ്കണവാടികളുടെ നടത്തിപ്പ് ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണ്. 29-03-2017 ലെ ജി.ഒ (എം.എസ്) 72/2017/ ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ 12.13.2(1)പ്രകാരം അങ്കണവാടികൾക്ക് സ്ഥലം, കെട്ടിടം, ചുറ്റുമതിൽ, കുടിവെള്ളം, ഫർണിച്ചർ, മറ്റു ഭൗതിക സൗകര്യങ്ങൾ മുതലായവ പ്രദാനം ചെയ്യുന്നതിന് പ്രാധാന്യം നൽകുന്ന പദ്ധതികൾ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി നടപ്പിലാക്കേണ്ടതുണ്ട്.

മേപ്പയ്യൂർ ഗ്രാമപഞ്ചായത്തിൽ അങ്കണവാടികളിലെ അടിസ്ഥാനസൗകര്യങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഗ്രാമപഞ്ചായത്തിൽ ആകെയുള്ള അങ്കണവാടികൾ | 29 |
| സ്വന്തമായി കുടിവെള്ള സൗകര്യം ഇല്ലാത്ത അങ്കണവാടികൾ | 16 |
| വൈദ്യുതി കണക്ഷൻ ഇല്ലാത്ത അങ്കണവാടികൾ | 2 |
| ചുറ്റുമതിൽ ഇല്ലാത്ത അങ്കണവാടികൾ | 13 |

| | |
|---|---|
| | |
| ഗ്യാസ് കണക്ഷൻ ഇല്ലാത്ത അങ്കണവാടികൾ | 1 |
| ഫിറ്റനസ് സർട്ടിഫിക്കറ്റ് ഇല്ലാത്തവ | 29 |

ഗ്രാമപഞ്ചായത്തിൽ മൂന്ന് വയസിനും ആറ് വയസിനും ഇടയിൽ പ്രായമുള്ള കുട്ടികളുടെ എണ്ണം 1010 ആണ്. 29 അങ്കണവാടികളിൽ 434 കുട്ടികൾ ഹാജരാകുന്നുണ്ട്. 22.03.2011ലെ നം.31055/ഡി.സി.2/2011/ ത.സ്വ.ഭ.വ നമ്പർ കേരള സർക്കാർ സർക്കുലറിൽ അങ്കണവാടി കെട്ടിടങ്ങളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് വ്യക്തമായ നിർദ്ദേശം നൽകുന്നുണ്ട്. എല്ലാ വർഷവും മെയ് 10 നകം തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ/ഓവർസീയർ വാടക കെട്ടിടങ്ങൾ ഉൾപ്പടെയുള്ള എല്ലാ അങ്കണവാടികളും സന്ദർശിക്കേണ്ടതും പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണെന്ന് നിർദ്ദേശിക്കുന്നുണ്ട്. ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റ് അനുവദിക്കുന്നത് സംബന്ധിച്ച് യാതൊരു കാരണവശാലും സുരക്ഷിതത്വമില്ലാത്ത കെട്ടിടങ്ങളിൽ അങ്കണവാടികൾ പ്രവർത്തിക്കാൻ പാടില്ലെന്നും സർക്കുലറിൽ നിർദ്ദേശിക്കുന്നുണ്ട്. മുൻ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശമുണ്ടായിട്ടും മേപ്പയ്യൂർ ഗ്രാമപഞ്ചായത്തിലെ അങ്കണവാടികൾ പരിശോധിച്ച് എഞ്ചിനീയർ/ഓവർസീയർ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല.കുടിവെള്ള സൗകര്യം,വൈദ്യുതി കണക്ഷൻ, ഗ്യാസ് കണക്ഷൻ തുടങ്ങിയ അടിസ്ഥാനസൗകര്യങ്ങളുടെ കുറവ് പരിഹരിക്കാൻ വേണ്ട നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതുണ്ട്.

തുടർവർഷങ്ങളിൽ അങ്കണവാടികളിലെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനു വേണ്ടി പ്രോജക്ടുകൾ തയ്യാറാക്കി നടപ്പിലാക്കുന്നതിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും വേണ്ട മുൻഗണന നൽകേണ്ടതാണ്.

## 3-10 വിട് റിപ്പയർ -പദ്ധതിനടത്തിപ്പിൽ അപാകതകൾ

നിർവഹണഉദ്യോഗസ്ഥൻ - വി ഇ ഒ

പ്രോജക്റ്റ് നമ്പർ - 160/18

ചെലവ് – 750000 Plan SC

മേൽക്കൂര,ചുമരുകൾ,വാതിലുകൾ,ജനലുകൽ,നിലം എന്നിവ ഭാഗികമായി കേടുവന്ന വീടുകൾക്കാണ് ഭവനപുനരുദ്ധാരണത്തിനുള്ള ധനസഹായം നൽകേണ്ടത്. തൻവർഷം പത്ത് ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി. സബ്സിഡിമാർഗ്ഗരേഖ ജി.ഒ.(എം.എസ്) 80/2017 ത.സ്വ.ഭ.വ.03.04.2017പ്രകാരം താഴെപറയുന്ന നിബന്ധനകൾ ഭവനപുനരുദ്ധാരണത്തിനുള്ള പദ്ധതിനടത്തിപ്പിൽ പാലിക്കേണ്ടതുണ്ട്.

എ). ഗുണഭോക്താക്കളെ തെരഞ്ഞെടുത്തു കഴിഞ്ഞാൽ ഓരോ വീടിന്റെയു അറ്റകുറ്റപണികൾക്കുള്ള എസ്റ്റിമെറ്റ് ഉടമസ്ഥൻ തയ്യാറാക്കണം

ബി). എൽ .എസ്.ജി.ഡി എൻജിനിയർ അളവെടുത്തശേഷമായിരിക്കണം സബ്സിഡി നൽകേണ്ടത്

സി). കരാറിലേർപ്പെട്ടശേഷം അമ്പത് ശതമാനം തുക മുൻകൂറായി നൽകാവുന്നതാണ്.

ഡി). തദ്ദേശ ഭരണസ്ഥാപനത്തിന്റെ സഹായത്തോടെ സ്വയംപുതിയ വീട് നിർമ്മിച്ചവർക്ക് കുറഞ്ഞത് 8 വർഷമെങ്കിലു കഴിഞ്ഞാൽ മാത്രമെ ഈ ധനസഹായത്തിന്ന് അർഹതയുള്ളു.

ഇ).നൂറ് ച.മീറ്റർ വരെ വിസ്തിർണ്ണമുള്ള വീടുകൾക്കേ ഈ ആനുകൂല്യത്തിന്ന് അർഹതയുള്ളു

എഫ്). പുതിയ മേൽക്കൂരയ്ക്ക് ഓലയോ,ടാർഷീറ്റോ,ടാർപോളിനോ,ആസ്ബറ്റോസ്ഷിറ്റോ അനുവദനീയമല്ല എന്നാൽ പദ്ധതിനടത്തിപ്പ് ഓഡിറ്റ് പരിശോധനയ്ക്ക് വിധേയമാക്കിയതിൽ വീടിൻെറ കാലപ്പഴക്കം 8വർഷം എന്ന നിബന്ധന പാലിച്ചിട്ടില്ല. ആനുകൂല്യം ലഭിച്ച എല്ലാ വീടുകളുടെയും കാലപ്പഴക്കം നിർണ്ണയിച്ച് സർട്ടിഫിക്കറ്റ് ലഭ്യമല്ല .വീടിൻെറ തറവിസ്തിർണ്ണം,മേൽക്കൂരയുടെ നിർമ്മിതി എന്നിവ വ്യക്തമല്ല.ഇതിനു പുറമെ ഗുണഭോക്താക്കളുമായി ഉടമ്പടി ചമയ്ക്കണമെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല. കരാർ ചമയ്ക്കാതെ യുള്ള സ്റ്റാമ്പ് പേപ്പർ ആണ് സൂക്ഷിച്ചിട്ടുള്ളത്.

മേൽപറഞ്ഞ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.07/17-18 തീയതി-01.03.19) മറുപടി ലഭ്യമായെങ്കിലും തൃപ്തികരമല്ല. അപാകതകൾക്ക് വ്യക്തമായ മറുപടി സമർപ്പിക്കേണ്ടതാണ്.

## 3-11 തെരുവുവിളക്ക് വാങ്ങൽ - പദ്ധതി നടത്തിപ്പിൽ അപാകതകൾ

നിർവഹണഉദ്യോഗസ്ഥൻ : സെക്രട്ടറി

പ്രോജക്ട് നമ്പർ : Soo62/ 18

ഗ്രാമപഞ്ചായത്തിലെ തൻവർഷത്തെ വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തി ധനകാര്യകമ്മിഷൻ ഗ്രാൻറ് വിഹിതത്തിൽ നിന്നും 494160 രൂപ ചെലവഴിച്ച് താഴെ പറയും പ്രകാരമുള്ള സാധനങ്ങൾ വാങ്ങി.

| Sl No | Item Name | Quantity |
|---|---|---|
| 1 | 60 W | 40 |
| 2 | 36 W | 62 |
| 3 | 24 W | 62 |
| 4 | Extra | 10 |

മേൽപറഞ്ഞവ ടെണ്ടർ നടത്തി അല്പമ്മ ഇലക്ട്രോണിക്സ് കക്കാടംപൊയിൽ എന്ന സ്ഥാപനത്തിൽ നിന്നാണ് വാങ്ങിയത്. എന്നാൽ ഫയലുകൾ , അനുബന്ധരേഖകൾ എന്നിവ പരിശോധനയ്ക്ക് വിധേയമാക്കിയപ്പോൾ താഴെപ്പറയുന്ന അപാകതകൾ കണ്ടു.

1) ലൈറ്റുകൾ കൈപ്പറ്റി സ്റ്റോക്ക് എൻട്രി നടത്തിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

2) ലൈറ്റുകൾഇലക്ട്രിക് പോസ്റ്റുകളിൽ സ്ഥാപിച്ചതായി പഞ്ചായത്ത് അംഗങ്ങളുടെ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

3)പദ്ധതി പൂർത്തികരിച്ചതെന്നാണെന്ന് വ്യക്തമല്ല.

4)ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ എ3/156/17 തിയ്യതി 09.02.17 സ്ട്രിറ്റ് ലൈറ്റ് സപ്ളൈ ഓർഡർ പ്രകാരം 15 ദിവത്തിന്നകം സപ്ളൈ ചെയ്യണമെന്ന് നിഷ്കർഷിക്കുന്നു. എന്നാൽ ടെണ്ടർ പരസ്യത്തിൽ 3 വർഷം വാറണ്ടി യെന്ന് വ്യക്തമാക്കുന്നു. ഗ്യാരണ്ടി പിരിയഡ് വ്യക്തമാക്കിയിട്ടില്ല.

5)സാധനങ്ങൾ വാങ്ങിയതിൻെറ ഇൻവോയ്സ്/കാഷ് രശിതി ലഭ്യമാക്കിയിട്ടില്ല

അപാകതകൾക്ക് വിശദികരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.10/17-18 തീയതി-01.03.19) മറുപടി ലഭ്യമായിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 3-12 ഹരിതസേനഅംഗങ്ങൾക്ക് ഹോണറേറിയം--പദ്ധതിനടത്തിപ്പ് രേഖകൾ അപൂർണ്ണം.

നിർവഹണഉദ്യോഗസ്ഥൻ – ഗ്രാമപഞ്ചായത്ത്സെക്രട്ടറി.

ചെലവ് – 186300(Sanction order No 251/28.03.2018

– 384000(Sanction order No189/21.03.2018)

മേൽപ്പറഞ്ഞ തുക ചെലവഴിച്ചത് ഹരിതസേനഅംഗങ്ങൾക്ക് ഹോണറേറിയം നൽകുവാനാണ്. പദ്ധതി പ്രകാരം മാലിന്യസംസ്കരണ പ്ളാൻറിലെ പ്ലാസ്റ്റിക്ക് വേർതിരിക്കുന്ന വനിതകൾക്ക് ഹോണറേറിയം നൽകുവാനാണ് തുക വകയിരുത്തിയത്. ഫയലുകൾ പരിശോധനയ്ക്ക് വിധേയമാക്കിയപ്പോൾ താഴെ പറയുന്ന അപാകതകൾ കണ്ടു.

1. 24 ഹരിതസേനഅംഗങ്ങളുടെ 2015 ഫിബ്രവരി 15മുതൽ 28വരെ ജോലിചെയ്ത വകയിൽ ലഭിക്കാനുള്ള വേതനം അനുവദിച്ച് നൽകുവാനുള്ള അപേക്ഷകളുടെ ഒരു മസ്റ്റർ റോൾ ഹാജരാക്കി. അതിൽ 24പേർ 1മുതൽ 13വരെ ജോലിചെയ്ത വിവരം രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഏത് കാലയളവിലാണ് അവർ ജോലിചെയ്തതെന്ന്

വ്യക്തമല്ല.

2. വേതനം കൈപ്പറ്റിയതിൻെറ വിശദാംശങ്ങൾ ലഭ്യമല്ല.
3. ഗ്രാമപഞ്ചായത്തിലെ ശുചിത്വമിഷൻ വർക്കിങ്ങ് ഗ്രൂപ്പ്മിനുട്ട്സ് പരിശോധനയ്ക്ക് വിധേയമാക്കിയപ്പോൾ 13.12.2017 ന് ഹരിത കർമ്മസേനഅംഗങ്ങളുടെ മീറ്റിംഗ് നടക്കുകയും അതിൽ 50 പേർ പങ്കെടുക്കുകയും ചെയ്തു. അതിൽ 30പേർക്ക് 2017ഡിസംബർ 24,25,26 ദിവസങ്ങളിൽ ട്രെയിനിംഗ് നൽകുവാൻ തീരുമാനമെടുത്തു. തൻവർഷം വീണ്ടും 2 തവണ യോഗം ചേർന്നു. (23.01.2018,12.02.2018). ട്രെയിനിംഗ് നൽകിയതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല. എന്നാൽ ഏതെല്ലാം രീതിയിലുള്ള പ്രവർത്തനമാണ് ഹരിതസേന നടത്തിയതെന്നും ഏതെല്ലാം ഇനത്തിലാണ് മേൽപ്പറഞ്ഞ തുക ചെലവഴിച്ചത് എന്നും വ്യക്തമല്ല.

മേൽപ്പറഞ്ഞ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.18/17-18 തീയതി-02.03.19) മറുപടി ലഭ്യമായിട്ടില്ല.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 510000 | സമഗ്ര നെൽകൃഷി വികസന പദ്ധതി | 510000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 59500 | ജൈവപച്ചക്കറികൃഷി വികസന പദ്ധതി | 59500 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 382000 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 376000 | 6000 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 1387553 | ക്ഷീരകർഷകർക്ക് പാലളവിനനുസരിച്ച് ഇൻസെന്റീവ് | 1387553 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 200000 | ക്ഷീരകർഷകർക്ക് പാലളവിനനുസരിച്ച് ഇൻസെന്റീവ് | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 600000 | കംഫർട്ട് സ്റ്റേഷൻ നവീകരണം | 600000 | 0 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ | പ്രവൃത്തിയുടെ | വൗച്ചർ നമ്പർ/ | മുൻകൂർ | ചെലവഴിച്ച | ചെലവഴിക്കാൻ |
|---|---|---|---|---|---|

| ഏജൻസി | പേര് | ചെക്ക് നം. | നൽകിയ തുക | തുക | ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | ഉന്തംപറമ്പ് കുടിവെള്ള പദ്ധതിക്ക് മൂടി സ്ഥാപിക്കൽ | അക്കൗണ്ടിലേക്ക് നേരിട്ട് നൽകി 67144992130(30.01.18) | 150000 | | 150000 |
| കേരള വാട്ടർ അതോറിറ്റി | കോട്ടക്കുന്ന് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | അക്കൗണ്ടിലേക്ക് നേരിട്ട് നൽകി67144992130(20.02.18) | 105000 | | 105000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവനപദ്ധതി | സ.ഉ(സാധാ) നം.533/2010 /ത.സ്വ.ഭ.വ തിയ്യതി | 7335394 | 201098 | 201098 | 0 | 0 |

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 3722893 |
| തൻവർഷം നിക്ഷേപിച്ച തുക | 458989 |
| ആകെ | 4181882 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 4181882 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | മേപ്പയ്യൂർ കോ ഓപ്പറേറ്റീവ് ടൗൺ ബാങ്ക് | 11.07.17 | 12 മാസം | 2119887 | |
| 2 | ട്രഷറി സേവിംഗ്സ് ബാങ്ക്, പയ്യോളി | 23.03.17 | 12 മാസം | 300000 | |
| 3 | ജില്ല സഹകരണ ബാങ്ക് | 27.09.17 | 12 മാസം | 930093 | |

| | | | | | |
|---|---|---|---|---|---|
| 4 | കോഴിക്കോട് മേപ്പയ്യൂർ ശാഖ | 27.09.17 | 12 മാസം | 259742 | |
| 5 | | 27.09.17 | 12 മാസം | 186090 | |
| 6 | മേപ്പയ്യൂർ സർവ്വീസ് സഹകരണ ബാങ്ക്, മേപ്പയ്യൂർ | 08.11.17 | 12 മാസം | 135717 | |
| 7 | | 19.03.18 | 12 മാസം | 240353 | |
| 8 | ഇ.എം.എസ് ആശുപത്രി ഷെയർ | 03.09.04 | | 10000 | |
| ആകെ | | | | 4181882 | |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 11140 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2000-01 | (1)(2) 8 | 1000 | ബാലകൃഷ്ണൻ.എ.കെ, അസി.എഞ്ചിനിയർ-റിട്ടയർഡ്(ആർ.ആർ) | 117010500002 15.04.2017 |
| 2000-01 | (1)(2) 8 | 916 | ബാലകൃഷ്ണൻ.എ.കെ, അസി.എഞ്ചിനിയർ-റിട്ടയർഡ്(ആർ.ആർ) | 117010500007 09.08.2017 |
| 2014-15 | 3-3(7) | 5115 | ഉഷാകുമാരി, അസി.എഞ്ചിനിയർ അനീഷ്.പി.എം, കോൺട്രാക്ടർ | 117170103745 08.02.2018 |
| 2014-15 | 3-3(1) | 2309 | ഉഷാകുമാരി, അസി.എഞ്ചിനിയർ പി.രാജു, കോൺട്രാക്ടർ | 117170103744 08.02.2018 |
| 2015-16 | 2-2 | 1800 | നവീൻ.കെ, ആപ്പിൾ ഇൻസ്റ്റിറ്റ്യൂട്ട് | 117170105636 31.03.2018 |
| ആകെ | | 11140 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1996-97 | 1(9) | 2004-05 | 11.1.2.8 | ബജറ്റ് അംഗീകരിച്ചിട്ടില്ല | തടസ്സം തുടരുന്നു |
| 1997-98 | ഭാഗം 1 | 2004-05 | 11.1.1.5 | ക്യാഷ് ബുക്കും | തടസ്സം തുടരുന്നു |

| | | | | | |
|---|---|---|---|---|---|
| | | | | രജിസ്ററും എഴുതിയില്ല | |
| 1997-98 | 1 | 2004-05 | 11.1.2.6 | ബജറ്റ് അംഗീകരിച്ചിട്ടില്ല | തടസ്സം തുടരുന്നു |
| 1997-98 | | 2004-05 | 11.1.3.32 | നികുതി പിരിവിൽ അലംഭാവം | തടസ്സം തുടരുന്നു |
| 1998-99 | 1 | 2004-05 | 11.1.2.7 | ബജറ്റ് അംഗീകരിച്ചിട്ടില്ല | തടസ്സം തുടരുന്നു |
| 1998-99 | | 2004-05 | 11.1.3.37 | നികുതി പിരിവിൽ അലംഭാവം | തടസ്സം തുടരുന്നു |
| 1999-00 | 33 | 2003-04 | 11.13.5.11 | മൈത്രി ഭവനപദ്ധതി | തടസ്സം തുടരുന്നു |
| 2000-01 (പദ്ധതി ചെലവ്) | 6 | 2004-05 | 11.1.4.7 | തൊഴിൽ പരിശീലന പദ്ധതികൾ | തടസ്സം തുടരുന്നു |
| 2000-01 | 8 | 2004-05 | 3.11.7.5.1 | കുടിവെള്ള പദ്ധതി-തുക അധികം നൽകി | ബഹു.ഹൈക്കോടതി വിധിയനുസരിച്ച് നടപടി.കെ എസ് ഇ ബി അധിക തുക ക്രമപ്പെടുത്താൻ നിർദ്ദേശം |
| 2000-01 | 3-6 | 2005-06 | 2.70.1.1.3 | കോഴിട്ടുതാഴ-മാച്ചയിൽ റോഡ് | ഒഴിവാക്കാൻ ശുപാർശ |
| 2000-01 | ഭാഗം 1 | 2005-06 | 2.70.1.6.1 | ബജറ്റ് പാസാക്കിയിട്ടില്ല | ഒഴിവാക്കാൻ ശുപാർശ |
| 2000-01 | ഭാഗം 1 | 2005-06 | 2.70.1.11.1 | രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല | ഒഴിവാക്കാൻ ശുപാർശ |
| | | 2012-13 | 2.6.16 | ലൈബ്രറികളുടെയും സാംസ്കാരിക നിലയത്തിന്റെയും നടത്തിപ്പ് | തടസ്സം തുടരുന്നു |
| 2014-15 | 2-2 | 2016-17 | അനുബന്ധം4 | തൊഴിൽ നികുതി-അപാകതകൾ | തടസ്സം തുടരുന്നു |
| 2015-16 | 2-2 | 2016-17 | അനുബന്ധം5 | തൊഴിൽ നികുതി-അപാകതകൾ | തടസ്സം തുടരുന്നു |

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ഓഡിറ്റ് വർഷം | സർചാർജ് സർട്ടിഫിക്കറ്റ് നം | ഖണ്ഡിക നം | തുക | റിമാർക്സ് |
|---|---|---|---|---|
| 2000-01 | എൽ.എഫ്.14047/സ്പെ.സെൽ /സിഎസ് സി/ഡി2/13 തീയതി-04.04.2014 | 8(1)(2) | 30916/- | തുക ഈടാക്കി<br>1) 10000/-(രശീത് നം-11601400016 തീയതി-26.03.17)<br>2)10000/-(രശീത് നം-11601400009 തീയതി-30.12.16)<br>3)10000/-(രശീത് നം-117010500002 തീയതി-15.04.17) |

| | | | | |
|---|---|---|---|---|
| | | | | 4)916/-(രശീത് നം-117010500007 തീയതി-09.08.17) |
| 2000-01 | എൽ.എഫ്.14047/സ്പെ.സെൽ /സിഎസ് സി/ഡി2/13 തീയതി-04.04.2014 | 8(1)(2) | 30916/- | 30916 രൂപ ഈടാക്കി (രശീത് നം-11401100224 തീയതി-12.05.14) |
| 2000-01 | എൽ.എഫ്.14047/സ്പെ.സെൽ /സിഎസ് സി/ഡി2/13 തീയതി-11.03.2014 | 8(4) | 28650/- | 28650 രൂപ ഈടാക്കി (രശീത് നം-11501103719 തീയതി-14.12.15) |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 59065920 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 67302575 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല.

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ പേരും സ്ഥിരംമേൽവിലാസവും

ഇല്ല.

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/ തടസ്സപ്പെടുത്തിയതിന് ഉത്തരവാദികളായവരുടെ പേരുവിവരം

ഇല്ല.

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് | ഈ വകുപ്പിൽ നിന്നും | തീർപ്പാക്കാൻ | തീർപ്പാക്കാൻ |
|---|---|---|---|

| വർഷം | പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം |
|---|---|---|---|
| 1997-98 | കെ.എസ്.എ.കെ.കെ.ഡിപി9/1137/18 തീയതി 20.03.18 | 5 | 15, 18, 20, 23, 31 |
| 1998-99 | കെ.എസ്.എ.കെ.കെ.ഡിപി9/1137/18 തീയതി 20.03.18 | 3 | 31, 32, 35 |
| 1999-00 | കെ.എസ്.എ.കെ.കെ.ഡിപി9/1137/18 തീയതി 20.03.18 | 1 | 33 |
| 2000-2001 | കെ.എസ്.എ.കെ.കെ.ഡിപി9/1137/18 തീയതി 20.03.18 | 3 | 3-4, 3-7, 6-8(1,2,3,4) |
| 2001-2002 | കെ.എസ്.എ.കെ.കെ.ഡിപി9/1137/18 തീയതി 20.03.18 | 3 | 6-3, 6-4,8, 10(3) |
| 2002-2003 | കെ.എസ്.എ.കെ.കെ.ഡിപി9/1137/18 തീയതി 20.03.18 | 4 | 2-1, 3-2, 3-7, 3-10 |
| 2003-2004 | കെ.എസ്.എ.കെ.കെ.ഡിപി9/1137/18 തീയതി 20.03.18 | 4 | 3-2, 3-3, 3-4,3-5 |
| 2004-2005 | കെ.എസ്.എ.കെ.കെ.ഡിപി9/1137/18 തീയതി 20.03.18 | 2 | 3-1, 3-4 |
| 2005-2006 | കെ.എസ്.എ.കെ.കെ.ഡിപി9/1137/18 തീയതി 20.03.18 | 3 | 2-1, 3-10, 3-11 |
| 2006-2007 | കെ.എസ്.എ.കെ.കെ.ഡി.പി9/260/11 തീയതി 08.03.11 | 21 | 2-1, 2-2, 2-3, 2-4, 2-5, 2-6, 2-7, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14 |
| 2007-2008 | കെ.എസ്.എ.കെ.കെ.ഡി.പി9/1436/12 തീയതി 08.10.12 | 31 | 2-1, 2-2, 2-3, 2-4, 2-5, 2-6, 2-7, 2-8, 2-9, 2-10, 2-11, 2-12, 2-13, 2-15, 2-16, 2-17, 2-18, 2-19, 3-4, 3-20, 3-21, 3-22, 3-23, 3-24, 3-25, 3-26, 3-27, 3-28, 3-29, 3-30, 3-31 |

| | | | |
|---|---|---|---|
| 2008-2009 | കെ.എസ്.എ.കെ.കെ.ഡി.പി9/638/11 തീയതി 22.03.12 | 24 | 2-1, 2-2, 2-3, 2-4, 2-5, 2-6, 3-1, 3-2, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-16, 3-17, 3-18, 3-19 |
| 2009-2010 | കെ.എസ്.എ.കെ.കെ.ഡി.പി9/1639/13 തീയതി 18.10.13 | 28 | 1-1, 1-3, 1-4, 2-1, 2-3, 2-4(B,C), 2-7, 2-8, 3-1, 3-2, 3-5, 3-6, 3-7, 3-8, 3-11, 3-13, 3-14, 3-15, 3-16, 3-17(A,C), 3-19, 3-21, 3-22, 3-23, 3-24, 4-3, 4-6, 4-7 |
| 2010-2011<br>2011-2012 | കെ.എസ്.എ.കെ.കെ.ഡി.പി9/654/15 തീയതി 25.04.15 | 28 | 1-5, 1-7, 2-2(1), 2-3(2,4), 2-5, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-16, 3-17, 3-18, 3-20, 3-22(1,2,3), 3-23, 3-24, 3-25, 3-28, 4-3, 4-5 |
| 2012-2013<br>2013-2014 | കെ.എസ്.എ.കെ.കെ.ഡി.പി9/1663/15 തീയതി 15.10.15 | 31 | 1-4, 2-1, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15(A), 3-15(B), 3-16, 3-17, 3-18, 3-19, 3-20, 3-21(A), 3-21(B), 3-22, 4-1, 4-2, 4-3, 4-10, 4-11 |
| 2014-15 | കെ.എസ്.എ.കെ.കെ.ഡിപി9/938/18 തീയതി 05.06.18 | 17 | 2-1, 2-2(1), 2-2(3), 2-2(5), 2-2(6), 2-4(1), 2-4(2), 2-5, 3-1, 3-2, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-11 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി.പി9/2132/17 തീയതി 16.02.18 | 10 | 2-2, 2-3, 3-1, 3-4, 3-6, 3-8, 3-9, 3-10, 3-11, 3-12 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി.പി9/78/18 തീയതി 05.04.18 | 14 | 1-9, 2-1, 2-2, 2-3, 2-4, 3-3, 3-4, 3-5, 3-6, 3-8, 3-11, 3-15, 4-7, 4-9 |

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം 1

### ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും മേപ്പയ്യൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം,കോഴിക്കോട്